# ശ്രീപാൎവ്വതീസ്വയംവരം

കാഞ്ഞിരംപാറെ രാമുണ്ണിനായർ.

TG1
R15

F. 17. 2

# ശ്രീ പാൎവ്വതീസ്വയംവരം

## പാന.

(ഒരു പഴയ കൃതി)

*Approved as text for the Intermediate by the University of Madras.*

---

DEFINITORY C.D. LIBRARY. 1984 CANCELLED.

Edited & Published
by
Kanhirampara Ramunni Nair,
Vaniamkulam.

T 61
R 15

---

ACADEMIC SUPPLIES LTD.
FRUIT MARKET.
Esplanade, G.T. Madras

CHRIMARAM COLLEGE LIBRARY, BANGALORE 12402

തൃശ്ശിവപേരൂർ
ഭാരതവിലാസം മുദ്രാലയം ക്ലിപ്തത്തിൽ
അച്ചടിച്ചതു്.

---

രണ്ടാംപതിപ്പ് കോപ്പി 1000.

---

1936

വില 12ണ:

---

പകൎപ്പവകാശം സ്വായത്തം.

# മുഖവുര.

'ശ്രീപാൎവ്വതീസ്വയംവരം' പാന ആരുടെ കൃതിയാണെന്നു തീൎച്ചപ്പെട്ടിട്ടില്ല. "ശ്രീശുകാലയേ വാണരുളീടുന്ന ശ്രീമഹേശനും" എന്നു് ആദിയിലും "ശുകപുരമമരും മമ പരദൈവം മംഗലനിലയം" എന്നു് അവസാനത്തിലും ഉള്ള പ്രയോഗംകൊണ്ടു കവി കുഞ്ചൻനമ്പ്യാരാണെന്നു് ഊഹിക്കാം. ഭാഷാസാഹിത്യമെന്ന കൂത്തരംഗത്തു ചാക്യാരായിത്തീൎന്ന നമ്പ്യാരുടെ കവിതയിൽ സുലഭമായ ഹാസ്യരസവും, ഹാസ്യരസാഭാസവും "തണ്ടുതപ്പി," "ചെണ്ടകൊട്ടിക്കുക", എന്നും മററുമുള്ള പ്രയോഗവും, ഈ കവിതയിലും അവിടെ ഇവിടെ പ്രത്യക്ഷപ്പെടുന്നതിനാൽ ഈ ഊഹത്തിന്നല്പം ശക്തി കൂടുന്നുണ്ടു്. "ദൂതവാക്യം" പ്രബന്ധത്തിന്റെ ഛായയുള്ള "പതിന്നാലുവൃത്തവും", "പാൎവ്വതീസ്വയംവരം" പ്രബന്ധത്തിന്റെ ഛായയുള്ള "പാൎവ്വതീസ്വയംവരം" പാനയും ഒരേ കവിയുടെ കൃതികളാണെന്നു വിചാരിക്കുവാൻ യുക്തിയില്ലായ്കയുമല്ല. ചാക്യാരുടെ പ്രബന്ധം ഭാഷയാക്കുവാൻ നമ്പ്യാൎക്കു വിശേഷിച്ചും യോഗ്യതയുണ്ടല്ലോ. "പതിന്നാലുവൃത്തം" തുടങ്ങുന്നതും, പാന അവസാനിക്കുന്നതും, നമ്പ്യാൎക്കു ജീവനായ ഒരു വൃത്തത്തിലായതും, "പാടിമലമ പന്തു വരാടിവരാടിമുഖാരിസുരട്ടി തോടിയുമഥ മലഹരി ബലഹരി മോഹനമെന്നിവരാഗം" എന്ന ഭാഗം "പന്തു വരാടി വരാടി മുഖാരി സുരട്ടി യെരുക്കില മലഹരി ബലഹരി" എന്ന ഭാഗത്തിന്റെ പ്ര

തിബിംബമായതും, യദൃച്ഛയാ വന്നുചേൎന്നതാണെന്നു തോന്നുന്നില്ല. "ശുകപുരമമരും" മഹേശൻ കുഞ്ചൻനമ്പ്യാരുടെ പരദേവതയാണെന്നു പ്രസിദ്ധവുമാണല്ലോ. ശ്രീശുകാലയേശനെക്കുറിച്ചുള്ള മംഗലാചരണത്തിന്നധികാരികളായി "മന്ത്രേടവും", "പൂന്തോട്ടവും", ഉണ്ടെങ്കിലും, ഒരാട്ടക്കഥയുടെ കൎത്താവായ "മന്ത്രേടത്തി"ന്റെ കവിത്വം മറ്റു നിലയിൽ അപ്രസിദ്ധമാകയാലും, "പൂന്തോട്ടം" ഒട്ടു നവീനനാകയാലും, ഈ നിരൂപണത്തിൽ അവരെക്കൊണ്ടു വല്ല സാധ്യവുമുണ്ടോ എന്നു സംശയമാണ്. വാസ്തവം എങ്ങിനെയായാലും, കവി മറ്റൊരാളാണെന്നു തീൎച്ചപ്പെടുന്നതുവരെ, അതു നമ്പ്യാരാണെന്നു വിശ്വസിക്കുവാൻ തക്കവണ്ണമുള്ള തെളിവ് "ആന്തരസാക്ഷ്യം" ഈ കൃതിയിൽനിന്നുതന്നെ കിട്ടുന്നുണ്ട്.

ഈ അവസരത്തിൽ കുഞ്ചൻനമ്പ്യാരും രാമപാണിവാദനും ഒരാൾ തന്നെയോ അല്ലയോ എന്ന വിവാദത്തെസ്സംബന്ധിച്ച് അസാരമൊന്ന് പറഞ്ഞുകൊള്ളാം. "ശ്രീബലിപ്രസ്തരഃശംഭോഃ ശ്രീശുകാലയവാസിനഃ; രാമേണ പാണിവാദേന കാരിതോ ഭൂതയേ ധ്രുവം" എന്ന ശ്ലോകം കൊണ്ടു ശ്രീശുകാലയമെന്ന കിള്ളിക്കുറിശ്ശിയും രാമപാണിവാദനും തമ്മിലുള്ള സംബന്ധം വെളിപ്പെടുന്നുണ്ട്. കുഞ്ചൻനമ്പ്യാരും കിള്ളിക്കുറിശ്ശിയും തമ്മിലുള്ള സംബന്ധം പ്രസിദ്ധമാണല്ലോ. രാമപാണിവാദന് "കുഞ്ചൻ" എന്ന ഓമനപ്പേരുണ്ടാവാൻ വിരോധവുമില്ല. "ജീവാനാമവലംബമംബരനദീനാമ്നീഹധാമ്നിസ്ഫുരദ്ബിംബംകംബുകശാകരംബിത്കരം വന്ദേ പരം ദൈവതം" "രാമേണഗ്രഥിതാമിമാമവിരതം യഃ ശ്ലോകഹാരസ്രജം കണ്ഠേ (ധാരയ

തി) പ്രയാസ്യതികൃതിമർത്ത്യഃ സവിഷ്ണോഃ പദം” എന്നീ ശ്ലോകാർദ്ധങ്ങൾ “അംബരനദീശസ്തവ”ത്തിന്റെ ഒരു ലേഖ്യപ്രതിയിലും, “പഞ്ചഭൂതാദിത്യേന്ദുഹോത്രീയാത്മാവാകുന്ന, പഞ്ചബാണാരിശ്രീമൽപാദപംകജങ്ങളെ, ചഞ്ചലം വിനാ മനക്കാമ്പതിലുറപ്പിച്ചു, പഞ്ചതന്ത്രത്തെപ്രപഞ്ചിച്ചു നീ ചൊല്ലീടേണം; അഞ്ജനപ്രിയംകരനമ്പലപ്പുഴെകൃഷ്ണൻ, ഇജ്ജനങ്ങൾക്കു പരമാശ്രയം പദ്മാകാന്തൻ, അംബരാപഗാപുരി വാണരുളീടുംദേവൻ, അംബുജായതേക്ഷണൻ പാർത്ഥസാരഥികൃഷ്ണൻ, കംബുവുംപ്രതോദവുമനാഹം ധരിക്കുന്ന, ബിംബവിഗ്രഹപ്രതിബിംബിതബ്രഹ്മാകാരൻ. ശുകനിലയവരവസതിപരമശിവാശംകരൻ, ശുലബാലേന്ദുസാരംഗഖട്വാംഗവാൻ, വരദ! ജയമുരമഥന! ജയവിജയസാരഥേ!, വാനോർനദീനാഥ! വന്ദേ രമാപതേ” എന്നീ പദങ്ങൾ പഞ്ചതന്ത്രം കിളിപ്പാട്ടിന്റെ ഒരു ലേഖ്യപ്രതിയിലും, കാണുന്നുണ്ട്. “പഞ്ചതന്ത്രം” കിളിപ്പാട്ടിന്റെ കർത്താവായ കുഞ്ചൻനമ്പ്യാരും, “അംബരനദീശസ്തവ”ത്തിന്റെ കർത്താവായ രാമപാണിവാദനും ഒരാളാണെന്ന് ഇവിടെ പ്രത്യക്ഷമാകുന്നുണ്ട്. “ശ്രീകൃഷ്ണചരിതം” മണിപ്രവാളകാവ്യത്തിന്റെ ഒരു ലേഖ്യപ്രതിയിൽ അതിന്റെ കർത്താവ് രാമപാണിവാദനാണെന്നും, സംഗതിവശാൽ കാവ്യം എവിടെവെച്ചുണ്ടായതാണെന്നും, മററുംവെളിവാക്കുന്ന ചില ശ്ലോകങ്ങളും കാണുന്നുണ്ട്. ആ ശ്ലോകങ്ങൾ താഴെ പകർത്തെഴുതുന്നു. പ്രഥമസർഗ്ഗത്തിന്റെ അവസാനത്തിൽ “രാമേണപാണിവാദേന രചിതേമിശ്രസംസ്കൃതേ; ശ്രീകൃഷ്ണചരിതേകാവ്യേമുതൽസർഗഃസമാഹി (പി)തഃ”; ദ്വാദശസർഗ്ഗത്തിന്റെ അവസാനത്തിൽ “ചൊല്ലേറും

# അവതാരിക.

---

ശ്രീപാൎവ്വതീസ്വയംവരം പാനയുടെ ഒരു ലേഖ്യപ്രതി Oriental Manuscript Library യിലെ ലേഖ്യപ്രതിയുമായി താരതമ്യപ്പെടുത്തി പാഠഭേദങ്ങൾ ചൂണ്ടിക്കാണിച്ചുതരേണമെന്നപേക്ഷയോടുകൂടി ഇതിൻെറ പ്രസാധകനും എൻെറ ഒരു മാന്യസ്നേഹിതനുമായ ശ്രീമാൻ കാഞ്ഞിരംപാറെ രാമുണ്ണിനായരവർകൾ ഏകദേശം രണ്ടു കൊല്ലം മുമ്പെ അയച്ചുതന്നപ്പോൾ ഒരു അവതാരികകൂടി എഴുതേണമെന്നു് ആവശ്യപ്പെടുകയുണ്ടായി. പാഠഭേദങ്ങൾ ചൂണ്ടിക്കാണിക്കലും താരതമ്യവും ഉടനെ നിൎവ്വഹിച്ചുവെങ്കിലും അവതാരിക സംഗതിവശാൽ ഇതുവരെ എഴുതുകയുണ്ടായില്ല. ഈ രണ്ടാംപതിപ്പിലെങ്കിലും ഞാനും ഈ കൃതിയുമായുള്ള ബന്ധം രേഖപ്പെടുത്താതെ നിവൃത്തിയില്ലെന്നു് അദ്ദേഹം നിൎബ്ബന്ധിക്കയാൽ കൈരളിക്കു് ഒരമൂല്യനിധിയായി കരുതേണ്ടുന്ന ശ്രീപാൎവ്വതീസ്വയംവരം പാനയെപ്പററി എനിക്കുള്ള ബഹുമാനം ഇങ്ങിനെയൊന്നു കുറിക്കുവാൻതന്നെ തീൎച്ചയാക്കി.

പാൎവ്വതീസ്വയംവരം പാന വായിക്കുവാൻ തുടങ്ങുന്നവർ അതിൻെറ അവസാനഭാഗം എത്തിയാലല്ലാതെ പ്രസ്തുതകൃതി കയ്യിൽനിന്നു വെക്കുമെന്നു തോന്നുന്നില്ല. അത്രത്തോളമുണ്ടു് ആ കൃതിക്കുള്ള സൌകുമാൎയ്യം. ലളിതമധുരമായ രചന, പ്രസാദം കവിഞ്ഞൊഴുകുന്ന പ്രയോഗങ്ങൾ, തന്മയത്വത്തോടുകൂടിയ വൎണ്ണനം എന്നീ കാവ്യഗുണങ്ങൾ പ്രസ്തുതകൃതിയെ സഹൃദയന്മാരുടെ കണ്ണിലുണ്ണിയാക്കീട്ടു

ണ്ടെന്നുപറയുന്നതിൽ ഞാനൊട്ടുംതന്നെ സംശയിക്കുന്നില്ല. ഈ നിക്ഷേപം ആദ്യം കണ്ടുപിടിച്ച ശ്രീമാൻ രാമുണ്ണിനായർ തൻെറ സഹൃദയാഗ്രേസരത്വവും ഗവേഷണതല്പരതയും ഒരുപോലെ ഇതിൻെറ പ്രസാധനംകൊണ്ടു പ്രത്യക്ഷമാക്കിയിരിക്കയാൽ ഭാഷാഭിമാനികൾ അദ്ദേഹത്തിൻെറ കൃത്യം എത്രതന്നെ പ്രശംസിച്ചാലും മതിയാവുന്നതല്ല. കൈരളിയുടെ പഴയ നേട്ടങ്ങൾ ഇനിയും വളരെ തേടിപ്പിടിക്കേണ്ടതായിട്ടുണ്ട്. അതിന്നു മി. രാമുണ്ണിനായരെപ്പോലെ അനവധി സഹൃദയന്മാർ ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതാണെന്നു ഗവേഷകന്മാൎക്ക് അനുഭവസിദ്ധമായിട്ടുള്ള കാൎയ്യവുമാണ്.

## ഇതിവൃത്തം.

ഈ പാന നാലു പാദങ്ങളായിട്ടാണ് രചിച്ചിട്ടുള്ളതു്. പ്രഥമപാദത്തിൽ കാമദേവനും ഇന്ദ്രനും തപോനിഷ്ഠയിലിരിക്കുന്ന മഹേശ്വരനെ പാൎവ്വതിയുടെ ഭൎത്താവാക്കി, അവരുടെ വിവാഹത്തിലുളവാകുന്ന സന്താനംകൊണ്ടു താരകാസുരവധം സാധിക്കുവാനാലോചിക്കുന്നു. ഇതിൽ സ്വാഹാസുധാകരവൃത്താന്തം കലൎത്തിയതു വളരെ ഉചിതമായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. അതു ഇന്ദ്രനറിയാത്ത ഒരു കഥയല്ലല്ലൊ. രണ്ടാംപാദത്തിൽ കാമദേവൻ ശിവൻെറ തപസ്സിന്നു വിഘ്നം വരുത്തുന്നതും, അതുകൊണ്ടു കുപിതനായ കപാലി കാമനെ തൻെറ മൂന്നാംതൃക്കണ്ണിൽ ദഹിപ്പിക്കുന്നതും, ഭൎത്തൃനാശം കണ്ടു രതി വിലപിക്കുന്നതും വിവരിച്ചിരിക്കുന്നു. പശു ചത്താലും മോരിലെ പുളി പോകയില്ലെന്നു പറയുംപോലെ കാ

മൻ മരിച്ചാലും കാമൻെറ പ്രയോഗം നിഷ്ഫലമായില്ലെന്നു തെളിയിക്കുന്ന കഥാഭാഗം മൂന്നാംപാദത്തിൽ വിവരിച്ചിരിക്കുന്നു. ശിവൻെറ പ്രണയസൂചനയും, വേഷം മാറി പാർവ്വതിയുമായുള്ള സരസഭാഷണവും വളരെ ഹൃദ്യമായരീതിയിൽ വർണ്ണിച്ചിട്ടുണ്ട്. നാലാംപാദത്തിൽ ശിവൻെറ ഇഷ്ടപ്രകാരം സപ്തർഷിമാരും ദേവന്മാരും ഹിമവാനെക്കണ്ട് ചെയ്യുന്ന വിവാഹാലോചനയും പാർവ്വതീപരമേശ്വരരുടെവിവാഹവും വർണ്ണിച്ചിരിക്കുന്നു. ഈ ഭാഗം വായിക്കുമ്പോൾ മലയാളത്തിൽ സാധാരണ നടക്കാറുള്ള കല്യാണച്ചടങ്ങുകൾ ആരും സ്മരിക്കാതിരിക്കയില്ല. നിറപറ,താലത്തിൽവെച്ചിട്ടുള്ള ദീപം, പൂക്കലക്കുത്തൽ, സദ്യയ്ക്ക് അപ്പം വാക്കൽ ഈ വിശേഷവിധികൾക്കെല്ലാം അവകാശികൾ മലയാളികൾ തന്നെയാണെന്നു എടുത്തുപറയേണമെന്നില്ല.

ഓരോ പാദവും അവസാനിക്കുന്നതു് ഓട്ടംതുള്ളൽ വൃത്തത്തിൽ രചിച്ചിട്ടുള്ള വരികൾകൊണ്ടാണെന്നുള്ളതും രണ്ടും മൂന്നും നാലും പാദങ്ങളിൽ ഒടുവിലെ വരിയിൽ മംഗലപ്രസ്താവമുണ്ടെന്നുള്ളതും നമ്മുടെ ശ്രദ്ധയെ പ്രത്യേകം അർഹിക്കുന്നു.

കേരളത്തിൻെറ ഹൃദയം പ്രതിബിംബിക്കുന്നതായ ഇതിലെ ശുദ്ധമലയാളഭാഷാശൈലി ഇതിൻെറ കർത്താവ് എഴുത്തച്ഛൻ, നമ്പ്യാർ, പൂന്താനം എന്നീ മഹാകവികളുടെ ജന്മദേശമായ മദ്ധ്യകേരളത്തിൽ ജീവിച്ചിരുന്ന ഒരു മഹാനാണെന്നു വിളിച്ചുപറയുന്നുണ്ട്.

### ഗ്രന്ഥകാരൻ.

ഇനി പ്രസ്തുതകൃതിയുടെ കർത്താവിനെപ്പററി ഒരു വി

ചാരണചെയ്തു നോക്കാം. ആന്തരസാക്ഷ്യംകൊണ്ടു് ഈ പാന നമ്പ്യാരുടേതായിരിയ്ക്കണമെന്നാണു പ്രസാധകൻ ഊഹിയ്ക്കുന്നതു്. അതിൽ പ്രാധാന്യം വഹിയ്ക്കുന്നതു് 'ശുകാലയ'(പുരം) മുദ്രയാണു്.

കിള്ളിക്കുറിശ്ശി മഹാദേവൻ കുഞ്ചൻനമ്പ്യാരുടെ പരദൈവമാണെന്നുള്ള ഐതിഹ്യം ഇതുവരെ ആരും വിശ്വാസയോഗ്യമല്ലെന്നു തെളിയിച്ചിട്ടില്ല. തുള്ളലുകളിൽ നന്ദിക്കാട്ടെ ഉണ്ണിരവിക്കുറുപ്പും, ദ്രോണംപിള്ളിയാചാൎയ്യനും കുഞ്ചൻനമ്പ്യാരുടെ ഗുരുനാഥന്മാരായി പ്രത്യക്ഷമാകുന്നുണ്ടു്. 'ശുകപുര'മുദ്ര പതിഞ്ഞിട്ടുള്ള പതിനാലുവൃത്തം ശീലവതി എന്നീ കൃതികളിൽ ആചാൎയ്യന്മാരെ കാണാത്തതുകൊണ്ടു് അവർ അദ്ദേഹം തിരുവിതാംകൂറിലേക്കു കടന്നതിന്നു ശേഷം ഗുരുനാഥന്മാരായിതീൎന്നതായിരിയ്ക്കണമെന്നു് ഊഹിക്കാവുന്നതാണു്. അതുകൊണ്ടു് ആന്തരമായ തെളിവുകൾകൊണ്ടുതന്നെ കുഞ്ചൻനമ്പ്യാരുടെ കൃതികൾ ആ മഹാകവി തിരുവിതാംകൂറിലേക്കുപോയി തുള്ളക്കാരനാവുന്നതിന്നു മുമ്പുള്ളവ, തിരുവിതാംകൂറിൽപോയതിന്നുശേഷമുള്ളവ ഇങ്ങിനെ രണ്ടായി പിരിയ്ക്കാവുന്നതാണു്. ഇതിൽ ആദ്യത്തെ ഇനത്തിൽ പതിനാലുവൃത്തം, ശീലവതി, മുതലായവ ഉൾപ്പെട്ടതാമെന്നു തോന്നുന്നു. രണ്ടാമത്തെ വകുപ്പിൽ പഞ്ചതന്ത്രം കിളിപ്പാട്ടും തുള്ളലുകളും പെട്ടതാവുന്നതാണു്. ഈ മുദ്രകളൊന്നുമില്ലാത്ത ശ്രീകൃഷ്ണചരിതം മണിപ്രവാളം ഐതിഹ്യംകൊണ്ടു കുഞ്ചൻനമ്പ്യാരുടെ പേരിലാണു പതിഞ്ഞുകാണുന്നതു്.

ആന്തരസാക്ഷ്യത്തിൽ കവിതാസ്വഭാവവും ഉൾപ്പെട്ടതേണ്ടതാണല്ലൊ. പദസമൃദ്ധി, പ്രാസദീക്ഷ, പരിഹാ

സം, ഫലിതം എന്നീ പ്രത്യേകതകളാണ് കുഞ്ചൻനമ്പ്യാരുടെ കവിതയോടുകൂടി നാം ഘടിപ്പിക്കാറുള്ള ഗുണങ്ങൾ. തുള്ളലുകളിലാണെങ്കിൽ പുരാണകഥകളിലും കേരളീയത്വമാരോപിച്ചുകൊണ്ടുള്ള ചില അനുചിതപ്രയോഗങ്ങൾ കൂടി നമ്പ്യാരുടെ വിശേഷവിധിയാണ്. പ്രസ്തുതകൃതിയിൽ പദസമൃദ്ധിക്കും പ്രാസദീക്ഷക്കും,

ഭാഗം 9—10.

തുഷ്ടിയില്ലാതെയായി നരന്മാൎക്കു

.........................................

ഒട്ടും വൈകാതെ യത്നം ചെയ്തീടണം.

ഭാഗം 25.

ഫാലനേത്രം മിഴിച്ചോരനന്തരം

.........................................

നാലുദിക്കിലും ചിന്നിപ്പതിക്കയും

ഭാഗം 44.

ചന്ദ്രഭൂഷണം....................വിഭീഷണം.

എന്നീ ഭാഗങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്.

ഭാഗം 9.

താടിക്കാരാമൃഷികളെ കണ്ടേടം

ഭാഗം 13.

തിങ്കൾമൌലി.........................

പാപമുള്ളതു പാതമനിരിക്കട്ടെ

ഭാഗം 28—29.

നാരിമാരിലനുരാഗമുള്ളോരു

.........................................

കഷ്ടമെന്നു പറവതെന്തിക്കള്ള

ഭാഗം 31.

ഉള്ളിലിബ്ബ്രഹ്മദേവനിരിക്കുന്നു

......................................................

ശസ്ത്രമൊന്നു പ്രയോഗിക്കുന്നുണ്ടു ഞാൻ

എന്നീ ഭാഗങ്ങൾ പരിഹാസത്തിന്നും,

ഭാഗം 19—20.

മണ്ണുവെള്ളമിത്യാദി

.........................................

മൂക്കുപൊത്താതെ ചെന്നങ്ങുനില്ക്കാമോ

ഭാഗം 33—34.

അംഗസൌന്ദര്യമുണ്ടെങ്കിലും പാർത്താൽ

.....................................................

കാമിനീജനവിഭ്രമം നിഷ്ഫലം

എന്നീ വിവരണങ്ങൾ ഫലിതത്തിന്നും ഉദാഹരണങ്ങളായും പരിലസിക്കുന്നുണ്ട്.

ഇന്ദ്രന്റെ സഭയായാലും ദുര്യോധനസദസ്സായാലും അവിടെയൊക്കെ നായന്മാരെ കയററി അവരുടെയും കേരളരാജാക്കന്മാരുടേയും ദോഷങ്ങളെപ്പററി പരിഹസിക്കുന്നതിലാണു നമ്പ്യാർ തന്റെ തനി കേരളീയത്വം പ്രത്യക്ഷമാക്കുന്നത്. തുള്ളൽ വായിച്ചിട്ടുള്ളവക്ക് ഈ സംഗതി പ്രത്യേകിച്ചും അനുഭവമുള്ളതാണ്. ഈ വക വിവരണങ്ങളും വർണ്ണനകളും കാവ്യദൃഷ്ട്യാ അനുചിതമെന്നു തോന്നുന്നതിലും അത്ഭുതമില്ല. കാമദേവന്റെ 'കച്ച' കെട്ടിലുള്ള നിൽപ്പും ശിവന്റെ അകമ്പടിക്കാരിലുൾപ്പെട്ട 'പട്ടോലക്കാരും' താരകാസുരൻ ദേവകളിൽ ചുമത്തിയ 'പാട്ടക്കാണവും' ഇത്തരം അനുചിതപ്രസ്താ

വങ്ങളായി കരുതാവുന്നതാണ്. എന്നാൽ ഇങ്ങിനെ കേരളീയകാര്യങ്ങളെ കൂട്ടിക്കലർത്തുന്നതിൽ കവിക്കുപ്രത്യേകം ഉദ്ദേശമുണ്ടെന്ന് തുള്ളലിൽ അവയുടെ സമൃദ്ധിയും മററു കൃതികളിൽ അവയുടെ അഭാവവും സൂചിപ്പിക്കുന്നുണ്ട്. കർത്താവിൻെറ ദൃഷ്ട്യാ കാവ്യങ്ങളെ നിരൂപിക്കുന്നതാണു യഥാർത്ഥ നിരൂപണമെന്നും ഒരു പക്ഷമുണ്ടല്ലോ. അതുകൊണ്ട് ആ വക പ്രയോഗങ്ങൾ അനൌചിത്യത്തിന്ന് ഉദാഹരണങ്ങളാക്കിത്തള്ളുന്നതും ആലോചിച്ചിട്ടുവേണമെന്നുവരുന്നു. ഇത്രയുംവിവരിച്ചതിൽനിന്നു പാർവ്വതീസ്വയംവരം പാന കുഞ്ചൻനമ്പ്യാരുടെ കൃതിയാണെന്നൂഹിക്കുന്നതിൽ അസാംഗത്യമില്ലെന്നു വരുന്നു. എന്നാൽ തുള്ളലിൽ കാണുന്ന പ്രകടവും നഗ്നവുമായ പരിഹാസം പാനയിൽ കുറെ ഒതുങ്ങിയ മട്ടിലായിട്ടുണ്ടെന്നുള്ള പരമാർത്ഥം പാന തുള്ളലുകളുടെ കാലത്തിന്നു മുമ്പുള്ള ഒരു പരിവർത്തനദശയിലുണ്ടായതാണെന്നുള്ള ഊഹിത്തിന്ന് അനുകൂലമായിരിക്കുന്നുണ്ട്.

കുഞ്ചൻനമ്പ്യാരുടെ ജീവിതത്തിൽ രണ്ടു പ്രധാനഘട്ടങ്ങളുണ്ടെന്ന് ഇതിന്നുമുമ്പെ പ്രസ്താവിച്ചുവല്ലോ. പ്രഥമഘട്ടത്തിൽ കാവ്യപരിശീലനം കഴിഞ്ഞു അതുകൊണ്ടുണ്ടായ സംസ്കാരത്തിന്നും ആദർശങ്ങൾക്കും വശംവദനായി കവി കഴിയുന്നതായിട്ടാണു കാണുന്നത്. രണ്ടാമത്തേതിൽ ജീവിതത്തിലിറങ്ങി അതിലുള്ള മത്സരങ്ങളും അഴിമതികളും അനുഭവപ്പെട്ട് സമുദായത്തെ പരിഷ്കരിക്കാനൊരുമ്പെട്ട ഒരു സ്വതന്ത്രചിന്തകനായിട്ടാണ് പ്രത്യക്ഷമാവുന്നത്. പാനയിൽ മദ്ധ്യവർത്തിയായിട്ടാണിരിക്കുന്നതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

## കുഞ്ചൻനമ്പ്യാരും രാമപാണിവാദനും.

ഈ ഘട്ടത്തിൽ കുഞ്ചൻനമ്പ്യാരും രാമപാണിവാദനും ഒരാൾതന്നെയോ എന്നുള്ള വാദത്തെപ്പററിയും രണ്ടു വാക്കു പറയുന്നതു് അപ്രകൃതമാകയില്ലെന്നു കരുതുന്നു. രണ്ടാളെയും ഒന്നായിക്കരുതുന്നതിന്നു പ്രമാണമായിനില്ക്കുന്നതു് മംഗലഗ്രാമവാസവും, അംബരനദീസംബന്ധവുമാണു്. ഈ രണ്ടുകാരണങ്ങൾകൊണ്ടുമാത്രം ഇവരെ ഒന്നാക്കാമോ എന്നു സംശയമാണു്. മംഗലം കിള്ളിക്കുറിശ്ശിമംഗലമാവേണമെന്നില്ല. മംഗലം (വെട്ടത്തുനാടു) മാരായമംഗലം, വലമ്പിരിമംഗലം ഇങ്ങിനെ മംഗലാന്തമായ ദേശനാമങ്ങൾ കേരളത്തിൽ ധാരാളമുണ്ടു്. ശുകപുരവും ഒന്നിലധികമുള്ളതായി എനിക്കറിയാം. (ഒന്നു പൊന്നാനി താലൂക്കിലും ഒന്നു വള്ളുവനാടു താലൂക്കിലും.) പാണിവാദനും (ചന്ദ്രിക) പ്രകാശദേശവു (വെട്ടത്തുനാടു) മായുള്ള ബന്ധം കുഞ്ചൻനമ്പ്യാൎക്കും അവകാശമുള്ളതായി അറിവില്ല. രണ്ടുപേരും ഉഭയഭാഷാകവികളായിരുന്നുവെന്നു സമ്മതിക്കാം. പാണിവാദന്റെ കൃതികൾ അധികവും സംസ്കൃതഭാഷയിലാണു്. കുഞ്ചൻനമ്പ്യാരുടെ കൃതികളധികം ഭാഷയിലുമാണു്. പാണിവാദന്റെ കൃതികളിൽ വിളയാടുന്ന കാവ്യഗൌരവം കുഞ്ചൻനമ്പ്യാരുടെ കൃതികളിൽ സൎവ്വത്രയുണ്ടെന്നു പറഞ്ഞുകൂടാ. കുഞ്ചൻനമ്പ്യാരുടെ സ്വതസ്സിദ്ധമായ പരിഹാസസാമൎത്ഥ്യവും ഫലിതവും പാണിവാദനെ സ്പൎശിച്ചിട്ടുപോലുമില്ല. അതുകൊണ്ടു പാണിവാദന്റെ സംസ്കൃതകൃതികളെല്ലാം പ്രകാശിപ്പിച്ചതിന്നുശേഷം അവയിലേയും കുഞ്ചൻനമ്പ്യാരുടെ കൃതി

കളിലേയും ആശയങ്ങൾ താരതമ്യപ്പെടുത്താതെ ഈ വാദത്തിൽ ഖണ്ഡിതമായി ഒരഭിപ്രായം പുറപ്പെടുവിക്കുന്നതു സാഹസമാണെന്നാണെനിക്കു തോന്നുന്നതു്. ഈ വാദംകൊണ്ടു ഒരു പരമാർത്ഥമാണ് ഇപ്പോൾ വെളിപ്പെട്ടിട്ടുള്ളതു്. അതായതു, വെറും ഐതിഹ്യമനുസരിച്ചു നമ്പ്യാരിൽ അർപ്പിച്ചിരുന്ന ശ്രീകൃഷ്ണചരിതം രാമപാണിവാദന്റേതാണെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. നമ്പ്യാർമുദ്രകളൊന്നും അതിൽ കാണുന്നില്ല. രാമപാണിവാദന്റെ നാമധേയം അതിന്നോടു ഘടിപ്പിച്ചിട്ടുള്ളതായ രേഖയും പ്രസ്തുത കൃതിയുടെ പ്രസാധകൻ അദ്ദേഹത്തിന്റെ മുഖവുരയിൽ ഉദ്ധരിച്ചിരിക്കുന്നു. പ്രസാധകൻ ഉദ്ധരിച്ചിട്ടുള്ള "മാപ്രാണ"പ്രസ്താവവും ഉപരി ഗവേഷണത്തിന്നു വിഷയമാകേണ്ടതാണു്.

## പാനപ്രസ്ഥാനം.

പൂന്താനം ആരംഭിച്ച പാനപ്രസ്ഥാനം അദ്ദേഹത്തോടുകൂടി അവസാനിച്ചുവെന്നായിരുന്നു ഇതുവരെ നിരൂപകന്മാർ ധരിച്ചിരുന്നതു്. കൃഷ്ണവിലാസം പാനയും, സുഭദ്രാഹരണം പാനയും, പ്രസ്തുതകൃതിയും, ആ പ്രസ്ഥാനത്തിന്നുണ്ടായ വളൎച്ചക്കു ദൃഷ്ടാന്തമായി ഗണിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

ഇനിയും ഈ അവതാരിക ദീൎഘിപ്പിക്കുന്നില്ല. ഇതിൽ സൂചിപ്പിക്കമാത്രം ചെയ്തിട്ടുള്ള വാദകോടികളിലേക്കു നിരൂപകന്മാരുടെ സന്നിഷ്കൃഷ്ടമായ ശ്രദ്ധയെ ഒന്നുകൂടി ക്ഷണിച്ചും പാൎവ്വതീസ്വയംവരം പാനയുടെ പ്രസാധനത്തിൽ ഇങ്ങിനെയെങ്കിലും പങ്കുകൊള്ളാൻ എന്നെ അനുവദിച്ച എന്റെ സ്നേഹിതന്റെ ഔദാൎയ്യത്തിന്നു നന്ദിപറഞ്ഞും തല്ക്കാലം വിരമിക്കട്ടെ.

ചേലനാട്ട് അച്യുതമേനോൻ.

രണ്ടാംപതിപ്പിൻെറ

## മുഖവുര.

ഈ കൃതിയുടെ കാൎയ്യത്തിൽ സഹകരിച്ചും, എന്നെ ഉത്സാഹിപ്പിച്ചും, മററും പലവിധത്തിൽ സഹായിച്ചിട്ടുള്ള എൻെറ സബ്രഹ്മചാരിയും സുസ്ഥിരസുഹൃത്തുമായ ശ്രീമാൻ ചേലനാട്ട് അച്യുതമേനോൻ അവർകളോട് എനിക്കുള്ള കടപ്പാട് ആദ്യമായിത്തന്നെ ഞാൻ ഇവിടെ കൃതജ്ഞതാപൂൎവ്വം ലേഖപ്പെടുത്തിക്കൊള്ളട്ടെ. അദ്ദേഹത്തിൻെറ അവതാരിക ഈ കഥയ്ക്കൊരു "പുറപ്പാട്" എന്നപോലെ ശോഭിക്കുന്നുണ്ട്. അതിലുള്ള പ്രസാധകപ്രസാധനം കണക്കിലധികമായിട്ടുണ്ടെന്നു തോന്നുന്നുണ്ട്. എന്നാൽ അതു് പ്രസാധകനെക്കുറിച്ച് അവതാരകനുള്ള പക്ഷപാതത്തിൻെറ അനുഭാവമാണെങ്കിൽ അതിന്നും ഒരു വിധം സ്വാരസ്യം ഉണ്ടല്ലൊ. ഈ കൃതി അച്ചടിച്ചു പുറത്തായതിന്നു മുമ്പുതന്നെ ഇതിൻെറ ഒരു നിരൂപണം ശ്രീമാൻ കെ. വി. എം. അവർകൾ സദ്ഗുരു മാസികയിൽ പ്രസിദ്ധപ്പെടുത്തി സഹൃദയന്മാരുടെ ശ്രദ്ധ ഇതിലേക്കു ആകൎഷിച്ചിട്ടുണ്ടെന്നു ഞാൻ ഇവിടെ നന്ദിപൂൎവ്വം സ്മരിച്ചുകൊള്ളുന്നു. ഇത്രമാത്രം.

പ്രസാധകൻ.

# ശ്രീ പാൎവ്വതീസ്വയംവരം.

### ഒന്നാംപാദം.

(പാന)

ശ്രീശുകാലയേ വാണരുളീടുന്ന
ശ്രീമഹേശനും ശ്രീഗുരുനാഥനും
ദേശികന്മാരും വാണീ വിരിഞ്ചനും
കേശവന്താനും കാത്തരുളേണമേ.
വേദവ്യാസനും വാല്മീകി നാരദൻ
വേദിയന്മാരും വേദസ്വരൂപിയാം.
ആദിത്യന്താനുമിന്ദ്രനും ചന്ദ്രനും
ആദരേണ തുണച്ചരുളേണമെ.
എങ്കിലോ പണ്ടു താരകദാനവൻ
ശങ്കകൂടാതെ ദേവേന്ദ്രലോകത്തെ
പങ്കജാസനസേവാബലംകൊണ്ടു
തങ്കലാക്കിയടക്കി വാഴുംകാലം
സങ്കടപ്പെട്ടു സംക്രന്ദനാദികൾ
സംഘംകൂടിവിചാരിച്ചസാദരം
പങ്കജാസ്ത്രനെച്ചിത്തേനിരൂപിച്ചു
പങ്കജാസനൻശാസനം കാരണം.
കാമദേവനും മാധവമാസവും
കാമിനിരതിയോടുമൊരുമിച്ചു
താമസിയാതെ ദേവാധിരാജന്റെ
ധാമംപ്രാപിച്ചു വന്ദിച്ചുരചെയ്തു.

എന്തുകാരണം നാഥ! ഭവാനെന്നെ-
ച്ചിന്തചെയ്തു തിരുമനക്കാമ്പിങ്കൽ
എന്തൊന്നാകിലും സാധിപ്പിച്ചീടുവാ-
നന്തര*മിനിയില്ലെന്നറിഞ്ഞാലും
നിന്തിരുവടിക്കേതൊരു നാരിയിൽ
ഏന്തീടുന്നു മനോരഥമിക്കാലം?
പന്തണിമുലയാളാമവളുടെ
അന്തരംഗമിളക്കിച്ചമച്ചുടൻ
അന്തിനേരമവളെ വരുത്തി ഞാൻ
അന്തികം തന്നിലാക്കിത്തരുന്നുണ്ട്.
ചന്തമോടെയവളെപ്പുണർന്നുകൊ-
ണ്ടന്തXമോഹങ്ങളൊക്കെലഭിച്ചാലും.
കണ്ടിവാർകുഴലാളാമൊരുത്തിയെ-
ക്കണ്ടുകാമിച്ചു ചെന്നു ഭവാന്തന്നെ
രണ്ടുവാക്കരുൾചെയ്തവൾക്കുള്ളിൽ-
ക്കൊണ്ടതുമില്ലഹംഭാവകാരണാൽ
കുണ്ഠിതംപൂണ്ടുപോന്നു ഭവാനതു-
കൊണ്ടുപാരം വിഷാദിച്ചിരിക്കയോ?
രണ്ടുവാക്കിനിക്കില്ലെല്ലോ വാസവ!
കണ്ടുകൊണ്ടാലുമെന്റെ പരാക്രമം.
വണ്ടു+രാഗംമുഴക്കിച്ചൊരാശുഗം-
കൊണ്ടുകിഞ്ചിൽപ്രയോഗിക്കും നേരത്ത്
തണ്ടുതപ്പിത്തരുണിയവൾ താനെ

* മില്ലിനിയ്ക്കു. X മോദ. + നാദം

മണ്ടിവന്നു മടിയിൽക്കരയേറി
രണ്ടുകൈകകളെക്കൊണ്ടും ഭവാനുടെ
കണ്ഠംതന്നിൽ മുറുകെപ്പിടിച്ചുടൻ
രണ്ടുകുന്നിനെവെന്നകുചങ്ങളെ-
ക്കൊണ്ടുനിന്തിരുമാറിൽ പ്രഹരിക്കും
രണ്ടുപക്ഷമില്ലായുധത്താണ ഞാൻ
രണ്ടുനാഴികക്കുള്ളിലപ്പെണ്ണിനെ
കൊണ്ടുവന്നിഹതന്നിലെന്നാകിൽ ഞാൻ
തണ്ടാരമ്പനല്ലെന്നു ധരിച്ചാലും.
പണ്ടൊന്നൊരുസുന്ദരരൂപനെ-
ച്ചെണ്ടകൊട്ടിച്ചവൃത്താന്തം കേട്ടാലും.
കണ്ടുബോധിച്ചിരിക്കുന്നവരെയും
തണ്ടുതപ്പിപ്പാനിങ്ങുണ്ടുകൌശലം.
അഗ്നിദേവൻെറ ഭാര്യയിലെത്രയും
മഗ്നനായ് വന്നുചന്ദ്രനൊരുകാലം.
നഗ്നനായിട്ടുപോന്നു, ജനിച്ചൊരു
ലഗ്നത്തിങ്കലെപ്പോലെ മഹാജള്ളൻ.
പൂർണ്ണചന്ദ്രനുദിച്ചയതുനേരം
പൂർണ്ണചന്ദ്രമുഖിയായസ്വാഹയെ
കണ്ടുകൌതുകംപൂണ്ടൊരുനേരത്ത്
കൊണ്ടു നമ്മുടെ മോഹംഹൃദയത്തിൽ
ചെന്നുചോദിച്ചു ചന്ദ്രനവളോട്
"സുന്ദരാംഗി! വരിക നീയാരെടൊ!
ഉന്നതസ്തനി! നിന്നെപ്പുണരുവാൻ

ഇന്നിനിയ്ക്കിഹപാരമുണ്ടാഗ്രഹം."
എന്നതുകേട്ടവളുമുരചെയ്തു
"ചന്ദ്രനല്ലയോ? ചാരുമതേ! ഭവാൻ
വീതിഹോത്രന്റെ പതിയാകുന്നു ഞാൻ
ഭീതിപാരമിനിയ്ക്കുണ്ടു മാനസേ
അസ്മദാരംഭമഗ്നിയറിഞ്ഞാകിൽ
ഭസ്മമാക്കും ഭവാനെയുമെന്നെയും"
"സന്ധ്യാവന്ദനം ചെയ്തുവരുംമുമ്പെ
സന്ധിയ്ക്കാ"മെന്നു ചന്ദ്രനുരചെയ്തു.
സ്വാഹാദേവി തന്നുള്ളം മയക്കുവാൻ
മോഹനാസ്ത്രം പ്രയോഗിച്ചു ഞാനപ്പോൾ
സ്നേഹം വർദ്ധിച്ചിരിവരുമന്നേരം
ഗേഹം പുക്കു രമിച്ചു യഥാസുഖം
പാവകന്റെ വരവിനു മുന്നമേ
ധാവനം ചെയ്തു പോന്നു ശശാങ്കനും
ഈവണ്ണം* ചിലസായന്തനങ്ങളിൽ
സാവധാനം രമിച്ചാരിരുവരും.
വിശ്വസാക്ഷിയാമഗ്നിയ്ക്കു പതിയെ
വിശ്വാസം പുനരില്ലായ്ക കാരണാൽ
അന്തിയാവോളം ഭാര്യയെ താനൊരു
മന്ത്രം കൊണ്ടു വിഴുങ്ങിയകത്താക്കി
സന്ധ്യനേരം വമിച്ചു പുറത്താക്കും
സന്തതം വിധമിങ്ങിനെയഗ്നിയ്ക്കു്

* വല

ദിവ്യമന്ത്രത്തെത്തന്നുടെ ഭാൎയ്യക്കും
ഹവ്യവാഹനനാശു ഗ്രഹിപ്പിച്ചു
ചാരുഭാവേനസ്വാഹാസുധാകര-
രാരുമാരുമറിയാതെ നിത്യവും
സായംകാലത്തുസംഗമമിങ്ങിനെ
മായംകൊണ്ടുലഭിച്ചുപോരുംകാലം
വാസമന്ദിരംതന്നിലകംപുക്ക
വാതിൽകൊട്ടിയടച്ചുസുധാകരൻ
സ്വാഹയോടേവിനോദിക്കുംനേരത്തു്
ഗേഹേ * വന്നുവിളിച്ചു കൃശാനുവും
സുന്ദരിതാനും മന്ത്രബലംകൊണ്ടു്
ചന്ദ്രനേയുമെടുത്തുവിഴുങ്ങിനാൾ
വാതിലങ്ങുതുറന്നു വണങ്ങിനാൾ
വീതിഹോത്രനുമപ്പോളകംപുക്ക
പത്നിയേയുമെടുത്തു വിഴുങ്ങിനാൻ
അഗ്നിദേവനുമന്തികഴിഞ്ഞപ്പോൾ
"പൌൎണ്ണമാസി രജനീമുഖംതന്നിൽ
പൂൎണ്ണചന്ദ്രനുദിക്കാഞ്ഞതെന്തുവാൻ!
ധൎമ്മശാലികളാകും ജനങ്ങൾക്ക
കൎമ്മഭംഗം ഭവിച്ചിതു ഭൂമിയിൽ
ചന്ദ്രബിംബമുദിക്കാത്ത കാരണാൽ"
ഇന്ദ്രനാദിസുരന്മാരശേഷമേ
അഷ്ടദിക്പാലന്മാരുമൃഷികളും

* ചെന്നു

ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്ത്വാൻ, ഈശൻ (ശിവൻ) = അഷ്ടദിക്പാലന്മാർ.

"കഷ്ടംകഷ്ട"മെന്നൊക്കെയൊരുമിച്ച
കൂട്ടംകൂടിവിചാരിയ്ക്കുമ്പോളൊരു
ധൃഷ്ടസൂചകനേവമുരചെയ്തു
"വഹ്നിദേവൻെറ വല്ലഭയല്ലാതു-
ള്ളന്യദേവിമാരെല്ലാവരുംവന്നു
സ്വാഹാദേവിയെക്കണ്ടീലതുകൊണ്ടു
സ്വാഹാവല്ലഭനെന്തൊന്നിളകാത്തു?"
എന്നതുകേട്ടു ശുദ്ധൻ കൃശാനുവും
തന്നുടെ ഗൃഹിണിയെ വമിച്ചിതു.
"സ്വാഹാതന്നുടെ ദേഹപ്രകാശങ്ങൾ
ഹാഹാ! വിസ്മയ"മെന്നു മഹാജനം
"പുള്ളിമാൻമിഴിയാളാമിവളുടെ-
യുള്ളിലുണ്ടായ് വരേണം നിശാകരൻ"
ആയതുകേട്ടു നാണിച്ചുനിന്നുകൊ-
ണ്ടായതാക്ഷി വമിച്ചു ശശാങ്കനെ.
ഭഗ്നമാനസനാകിയ ചന്ദ്രനും
നഗ്നരൂപേണ ധാവതിചെയ്തിതു.
ബാലചന്ദ്രനെക്കാണുമ്പോളിപ്പൊഴും
നൂലുപൊട്ടിച്ചങ്ങാരാധിച്ചീടുന്നു
മൂലമായതിനിക്കഥൊകേവലം
മാലോകർക്കുപരമാർത്ഥമൊക്കവെ.
വസ്ത്രംകൂടാതെ ചന്ദ്രനെമണ്ടിച്ചൊ-
രസ്ത്രമിപ്പോഴുമെങ്കയ്യിലുണ്ടെടൊ!
വൃത്രവൈരിൻ! ഭവാനുമെൻവൈഭവം

അത്രമാത്രം ഗ്രഹിയ്ക്കാത്തവനല്ല
നേത്രമായിരമുണ്ടാവാൻ കാരണം
ഓർത്തു കാണുകിലെന്നസ്ത്രമായതും.
ഓത്തുനാലും മുഖത്തുള്ള ബ്രഹ്മനും
പാർത്തുകണ്ടാലിനിയ്ക്കു വശംവദൻ.
പുത്രിയെക്കണ്ടു കാമിച്ചുമോഹിച്ചു
കൃത്രിമം വിധിയുണ്ടാക്കിവേട്ടതും
ഇത്രിലോകീവിജയിയാമെന്നുടെ
അസ്ത്രപഞ്ചകത്തിൻെറ മഹത്വങ്ങൾ.
എന്തിനിത്രപറയുന്നു ഞാനിപ്പോ-
ളെന്തുനിന്മനതാരിൽ മനോരഥം
ചിന്തിതങ്ങളെസ്സാധിപ്പിച്ചീടുവാൻ
നിൻതിരുപാദത്താണകുറവില്ല
ഇപ്പോൾവേണുകിലഗ്നിത്തിരുക്കണ്ണിൽ
മുപ്പുരന്മാരെച്ചുട്ടൊരുദേവൻെറ
ഉൾപ്പൂവിങ്കലുറച്ച സമാധിയ്ക്കും
അല്പംഭംഗം വരുത്തുവാനാളു ഞാൻ"
പഞ്ചബാണൻെറ വാക്കുകൾ കേൾക്കയാൽ
നെഞ്ചിലേററം പ്രസാദിച്ചുവാസവൻ
പുഞ്ചിരിമധുതൂകിപ്പതുക്കവെ
കിഞ്ചിദേവം പറഞ്ഞു തുടങ്ങിനാൻ
"പുഷ്പസായക! സാധുനിന്നാരംഭം
നിഷ്ഫലമായിട്ടില്ലൊരു ദിക്കിലും
ഇപ്രപഞ്ചങ്ങളൊക്കജ്ജയിച്ചീടും

ത്വൽപ്രതാപങ്ങളല്പമല്ലേതുമേ.

ഉല്പലാക്ഷിമാരെല്ലൊ സഖേ! നിന്റെ
കെല്പേറീടും പടജ്ജനമായതും,
ഷൾപദശ്രേണിതാണാ * യ്, ബാണാസനം
പുഷ്പമെന്നും കതിവെന്നും ചൊല്ലുന്നു,
ചന്ദനാചലം തന്നിൽനിന്നുള്ളൊരു
മന്ദമാരുതനെല്ലോ മനോഭവ!
സ്യന്ദനംതവ, സേനാധിനായകൻ
ചന്ദ്രനെന്നും പറയുന്നു കാമികൾ
മാസങ്ങൾ മധുമാധവന്മാർനിന്റെ
ദാസരായതും ബന്ധുക്കളായതും
വ്യാസനാദിമുനികളും നിന്നുടെ
ശാസനാതിക്രമം ചെയ്കയില്ലെടൊ!
താരകാസുരൻതന്റെ പരാക്രമം
കാരണം ഞങ്ങൾ പാരം തളംകെട്ടു
താരകാധിപശേഖരനെക്കൊണ്ടു
ദാരകർമ്മത്തെച്ചെയ്യിപ്പിച്ചായതിൽ
ദാരകൻ ജനിച്ചീടുകിലായവൻ
താരകനെ വധിച്ചീടും നിർണ്ണയം.
പാരിടങ്ങളിൽ മറെറാരു വീരനും
പോരാടീടുവാൻ പോരാ ശഠനോട്
കേട്ടുകൊണ്ടാലും പൎവ്വതപുത്രിയെ
വേട്ടുകൊണ്ടു മഹേശ്വരനെന്നാകിൽ

---

* യ ബാണാസം

DEFINITORY T.O.C.D. LIBRARY A. 1284

കോട്ടമൊക്കെശ്ശമിച്ചും നമുക്കെടൊ
വാട്ടംകൂടാതെവാണുസുഖിച്ചീടാം
ചേട്ടക്കാരനത്താരകൻതന്നുടെ
കൂട്ടക്കാരോടും കൂടെപ്പുറപ്പെട്ടു
നേട്ടക്കാരെക്കണക്കിന്നെ ഞങ്ങളെ
പാട്ടക്കാണം*പിടിപ്പിച്ചുമാറായി.
കല്പവൃക്ഷങ്ങൾ കാമധേനുക്കളും
മൽപുരങ്ങളിലുള്ള ധനങ്ങളും
കപ്പംകെട്ടിക്കൊടുത്താലുമായവ-
നല്പ+മെങ്കിലും കൂറില്ല ഞങ്ങളെ.
വിണ്ണോർനാട്ടിൽപ്പിറന്നുവളൎന്നോരു
പെണ്ണുങ്ങൾക്കും പൊറുതിയില്ലാതെയായ്
ചണ്ഡന്മാരവരുച്ചമന്തിച്ചും [illegible]
ദണ്ഡമായിനടക്കുന്നു വഞ്ചിപ്പാൻ.
താടിക്കാരാമൃഷികളെക്കണ്ടേടം
താഡിക്കാത്തവരാരുമില്ലായതിൽ
പേടിക്കാതെയിരിപ്പാൻ വനങ്ങളിൽ
ഓടിക്കാൽകുഴയുന്നു നമുക്കെല്ലാം
അഷ്ടിയില്ലാതെയായി നരന്മാൎക്കു
ഇഷ്ടിയില്ലാതെയായി സുരന്മാൎക്കും
വൃഷ്ടിയില്ലായ്കമൂലം മഹീതലേ
പുഷ്ടിയില്ലെന്നുവന്നു ദിനേ ദിനേ.
ഉഷ്ടിയില്ലെന്നുതന്നെയല്ലിക്കാലം
നഷ്ടിതന്നെപിടിച്ചു ജഗത്ത്രയേ.

---

* പിരിപ്പിക്ക+-പോലുമരകിലും കൂറില്ല.

മുഷ്ടികൊണ്ടും മുസലങ്ങളെക്കൊണ്ടും
യഷ്ടികൊണ്ടും പ്രഹരിച്ചു ഞങ്ങളെ
പിഷ്ടപേഷണം ചെയ്തു നടക്കുന്ന
ദുഷ്ടരെക്കൊലചെയ്യേണമെന്നാകിൽ
അഷ്ടമൂർത്തിയ്ക്കൊരാത്മജനുണ്ടാവാൻ പ.
ഒട്ടും വൈകാതെയത്നം ചെയ്തീടേണം
ത്ര്യക്ഷനാകുന്ന ദേവൻ മഹേശ്വരൻ
ദക്ഷപുത്രിയ്ക്കപായം ഭവിച്ചന്നേ
ഭിക്ഷു* ഭാവത്തെപ്പൂണ്ടു ഹിമാചലേ
ചക്ഷുരാദിവശീകരിച്ചാദരാൽ
സച്ചിദാനന്ദബ്രഹ്മത്തെ ധ്യാനിച്ചു
നിശ്ചലനായ് വസിച്ചരുളീടുന്നു.
അച്ഛൻ കല്പിച്ചയച്ചൊരു പാർവ്വതി
നിച്ചലും× വന്നു ശുശ്രൂഷിച്ചീടുന്നു.
അപ്പരമാർത്ഥം നമ്മെ ഗ്രഹിപ്പിപ്പാൻ
അപ്സരസ്ത്രീകൾ നിത്യം നടക്കുന്നു.
മുപ്പുരാരിയെക്കൊണ്ടു കുമാരിയെ
വേൾപ്പിപ്പാൻ വഴിയുണ്ടാകുമിക്കാലം.
മന്മഥ! ഭവാൻ ചെന്നു പതുക്കവെ
സംമോഹാസ്ത്രം പ്രയോഗിച്ചുവെന്നാകിൽ
ചിന്മയന്റെ മനസ്സുമറിഞ്ഞീടും
മന്മനോരഥം സാധിക്കുമന്നേരം
രുദ്രദേവന്റെ വീര്യം× വഹിപ്പതി-
ന്നദ്രിനന്ദിനിതാനേമതിയാവൂ.

* വേഷ× ചെന്നു× സഹിപ്പതി

രുദ്രചിത്തമിളക്കുവാൻപോകനീ
ഭദ്രമസ്തുനിനക്കുമനോഭവ!"
ഇപ്രകാരമരുൾചെയ്തുവാസവൻ
പുഷ്പബാണനെൻറ പാണിപിടിച്ചുടൻ

സപ്രമോദംപുണന്നുതദംഗത്തെ
ക്ഷിപ്രംതൊട്ടുതലോടിസ്സുഖിപ്പിച്ചു.
മൃത്യുവൈരിയെച്ചിന്തിച്ചുമന്മഥൻ
ചിത്തതാരിങ്കൽ ഭീതിമുഴക്കയാൽ

അത്തൽപ്പെട്ടുവിറച്ചു വിചാരിച്ചു
ചിത്തതാപംമറച്ചു പുറപ്പെട്ടു.
ഗോത്രകാർമുകനാകുന്നദേവൻെറ
നേത്രവഹ്നിശിഖകളിൽത്തന്നുടെ
ഗാത്രനാശംവരുമെന്നുറച്ചുടൻ
യാത്രചൊല്ലിനടന്നുമനോഭവൻ.
ബന്ധുവാകുന്നമാധവമാസവും
ബന്ധുരാംഗി രതിദേവിയുംതാനും

ചന്തമോടെനടന്നുഹിമവാൻെറ
അന്തികാരണ്യം തന്നിൽപ്രവേശിച്ചു
ദന്തിസിംഹവരാഹങ്ങളാദിയാം
ജന്തുക്കളും മരങ്ങൾ തൃണങ്ങളും
അന്തകാരിതപോബലംകൊണ്ടഹോ
അന്തരാനന്ദമുണ്ടാകകാരണാൽ
ഭിത്തിതന്നിലെച്ചിത്രങ്ങളെപ്പോലെ,
കൊത്തിവെച്ചൊരുപാവകളെപ്പോലെ,

ചത്തുവീണശരീരങ്ങളെപ്പോലെ,
ചെത്തിപ്പറിച്ച കുററികളെപ്പോലെ
ഗാത്രങ്ങൾക്കൊരിളക്കവും കൂടാതെ
തത്രതത്രവസിക്കുന്നുകാണകയാൽ.

എത്രയുംഭക്തിപൂണ്ടുമനോഭവൻ
നേത്രയുഗ്മമടച്ചുവണങ്ങിനാൻ
വൃത്രവൈരിമുതലാമമർത്ത്യന്മാർ
വർത്തമാനമറിവാൻപുറപ്പെട്ടു.

തത്രമേൽഭാഗേവന്നുമദനൻെറ
വൃത്തികണ്ടുവിളിച്ചുരചെയ്തു
"ചിത്തജന്മാവെ! വീര!സഖേ!നിൻെറ
ചിത്തത്തിൽ ഭയമുണ്ടാകരുതെടൊ
മൃത്യുവൈരിതൻ ചിത്തമിളക്കുവാൻ
ശക്തിയുള്ളശരത്തെപ്രയോഗിക്ക
ഭക്തികൊണ്ടുമടങ്ങിഗ്ഗമിക്കൊല്ല
യുക്തികൊണ്ടുവിചാരിക്കുംനേരത്തു്
മുക്തിമാർഗ്ഗംമുടക്കുന്ന ബാണങ്ങൾ-
ക്കൊത്തൊന്നുമില്ലെന്നുധരിച്ചാലും"
ഇത്തരംപറയുന്ന സുരന്മാരോ-
ടുത്തരമുരചെയ്തുമനോഭവൻ.
"അത്രഗർവ്വിക്കു നന്നല്ലമർത്ത്യരെ!
അത്രമാത്രമിനിക്കുമറിവുണ്ടു്.
പണ്ടുദക്ഷൻെറ യാഗത്തിലൊക്കെയും
കണ്ടുനിങ്ങടെ ബാഹുപരാക്രമം.

തിങ്കൾമൌലി ഭഗവാനയച്ചൊരു
കിങ്കരോത്തമൻ വീരഭദ്രൻ തന്റെ
തല്ലുകൊണ്ടുശരീരം തകൎന്നിട്ടും
പല്ലുപോയിട്ടും കണ്ണുപൊടിഞ്ഞിട്ടും
അല്ലൽപ്പെട്ടങ്ങുമിങ്ങുമൊളിച്ചൊരു
നല്ലവീരന്മാരെല്ലാം ഭവാന്മാരും
'പാന്ഥനെക്കൊണ്ടു പാമ്പിനെക്കൊല്ലിച്ചാൽ
പാപമുള്ളതു പാന്ഥനിരിക്കട്ടെ'.
എന്നസംസാരം നിങ്ങൾ നിരൂപിച്ചുകാൎയ്യം.
എന്നെച്ചാടിച്ചു ബോധിച്ചു ഞാനതും
നിങ്ങളെച്ചൊല്ലിദ്ദേഹമുപേക്ഷിപ്പാ-
നിങ്ങുസന്ദേഹമില്ല മനക്കാമ്പിൽ
അംഗജൻ ഞാനനംഗനായീടുവാൻ
സംഗതിവന്നു നിങ്ങൾക്കുവേണ്ടീട്ടു്
അങ്ങിനെ വിധികല്പിതമെന്നാകി-
ലെങ്ങിനെ ഞാനൊഴിക്കുന്നുസാമ്പ്രതം.
അംഗനാകുലമൌലിയാം ബാലികേ!
മംഗലാംഗി രതിദേവി! പോന്നാലും.
അംഗ! മാധവ! മുന്നിൽ നടക്ക നീ
തുംഗമാം നിന്റെ പൌരുഷം കാട്ടുക.

ഭൃംഗനാദമിളംകുയിൽ നാദവും
ഭംഗിയേറുന്ന ചന്ദ്രപ്രകാശവും
ഭംഗമെന്നിയേ ചന്ദനത്തെന്നലും
സംഗതങ്ങളായീടേണമിപ്പൊഴേ.

ശൃംഗാരങ്ങളിൽ മുങ്ങിക്കളിക്കേണം
ഗംഗാധാരിയായുള്ള ജഗന്നാഥൻ"
എന്നീവണ്ണം പറഞ്ഞു വസന്തത്തെ
മുന്നിലങ്ങുനിയോഗിച്ചു മന്മഥൻ

പിന്നാലെ താനും തന്നുടെ ഭാര്യയും
സന്നാഹത്തോടെ കാട്ടിലകംപുക്കു.
ശംഭുകാനനംതന്നിൽ വസന്തവും
ജൃംഭിച്ചാശു വളർന്നു തുടർന്നപ്പോൾ
കുംഭിസിംഹാദി സത്വങ്ങളൊക്കവെ
ഗംഭീരധ്വനിഘോഷംതുടർന്നിതു
കൊമ്പനാനത്തലവൻ പിടിയുടെ
പിമ്പെ കൂടി രമിച്ചു നടക്കുന്നു

വമ്പരായുള്ള സിംഹങ്ങളൊക്കവെ
തൻപ്രിയമാരോടൊന്നിച്ചു മേളിച്ചു
വമ്പുലികളും തന്നുടെ തന്നുടെ
പെൺപുലികളെത്തേടി നടക്കുന്നു.
പന്നിക്കൂട്ടം മഹിഷങ്ങൾ മാനുകൾ
പന്നിപ്പേട മഹിഷീമൃഗികളും
ഒന്നിച്ചോരോരോ മാരവിലാസങ്ങൾ
നന്ദിച്ചാശു തുടങ്ങി പലവിധം.

പുള്ളിമാൻപേടമാരും മൃഗങ്ങളും
വള്ളിക്കൂട്ടത്തിനുള്ളിൽ കടന്നുടൻ
തുള്ളിച്ചാടിക്കളിച്ചു പുളച്ചുകൊ-
ണ്ടുള്ളിലുള്ള മനോരഥമാടുന്നു.

ചെമ്പകങ്ങളും ചൂതം*പലാശവും
സംഭ്രമത്തോടെ പൂത്തുതെഴുത്തുടൻ
സംഭൃതം മധുമാരി ചൊരികയും
സംപ്രമോദേന വണ്ടു വരികയും
തണ്ടാരിൽ മധുവുണ്ടു†രസിക്കയും
തണ്ടാർബാണവികാരം മുഴുക്കയും
കണ്ടാലാനന്ദമുള്ള കിളികളും
വണ്ടാരംകോഴി കോകിലക്കൂട്ടവും
കൊണ്ടാടിക്കൊണ്ടു പാടിപ്പറക്കുന്നു
മിണ്ടാതെ പുനരാരുമില്ലക്കാലം
ഉണ്ടായൊരു വിശേഷങ്ങളൊക്കവെ
കണ്ടാലത്ഭുതമെന്നേ പറയാവൂ:—
ഉന്നതശൈലവനങ്ങളിലിയലും
കിന്നര,ചാരണ,കിംപുരുഷന്മാർ,
തന്നുടെ തന്നുടെ തരുണീമണികളി-
ലിളകിന്നമദമൊടു കളികൾതുടങ്ങി.
'പന്തുകളാടുക പകിടകളിയഥ
ചിന്തുകൾ പാടുക ചിലരതിമോദാൽ
പന്തുവരാളി,വരാടി,മുഖാരി,സു-
രുട്ടി,യെരുക്കില,മലഹരി,ബലഹരി
ചന്തമിയന്നൊരു മുരളിയിലൂതുക
സന്തതമൊരുവക നാടകമാടുക.
അന്തഃകരിപുചരിത സ്തുതിവാക്യക-
ളന്തർന്നന്ത സുഖേന തുടന്നു.
'പന്തണിമുലമാരുടെ പരിരംഭണ-
മെന്തിനു ഹന്ത കുറച്ചീടുന്നു'

---

* അശോകവും † സുഖിക്കയും.

ചിന്തയിലിങ്ങിനെ കരുതിമരുന്നിതു
ഗന്ധൎവ്വന്മാരചലവനാന്തേ
മലകളിലിളകിന മലയസമീരൻ
മലർകളിൽ പരിമളമേന്തിവരുമ്പോൾ
കലവൃലികരിഹരി ശരഭാദികളുടെ
കലശലുപലദിശി മദരതിമൂലം.
കിളികളുമളികളുമ* വിരതമാട്ടം
കളികളിലിളകിന കളകളമോടും.
തെളിവൊടുമട്ടുമലർ മധുമണമുടയൊരു
വനമതിലനവധി വിലസീടുന്നു.
ഇത്തരമുള്ള വികാരം വനഭുവി
സതതരമങ്ങു തുടൎന്നളവായാം
മൃത്യുഞ്ജയനുടെ ഭൃത്യനതാകിന
നിത്യനിഷേവണനിരതൻ നന്ദി
വേത്രമെടുത്തുപിടിച്ചുമിഴിച്ചൊരു
നേത്രംകൊണ്ടു മറിഞ്ഞഥ നോക്കി.
കുടിലമതാകിന പുരികക്കൊടിമുന
വടിവിലിളക്കി വിലക്കിന സമയേ
തത്രമൃഗങ്ങളു മഖിലമരങ്ങളു-
മുലതചാരണ
ചിത്രേവിലിഖിതമെന്നതുപോലെയ-
ടങ്ങിയൊതുങ്ങി വസിച്ചിതു സകലം.

ശുഭമസ്തു.

ഒന്നാംപാദം സമാപ്തം.

---

* രമ്മമദമൊട്ട

## രണ്ടാം പാദം.

സർവ്വലോകാധിനാഥൻ സദാശിവൻ
സർവ്വദാനന്ദമൂർത്തിസനാതനൻ
നിർവ്വികാരൻ നിരഞ്ജനനീശ്വരൻ
നിർവ്വിഷാദൻ വിഷാദൻ നിരാമയൻ
സർവ്വതാപസന്മാൎക്കും നിവാസമാം
പർവ്വതാധീശൻതന്റെ മുകൾഭാഗേ
സർവ്വസംഗംവെടിഞ്ഞു ജിതേന്ദ്രിയൻ
ശർവ്വദേവൻ തപംചെയ്തമേവുന്നു.
പര്യങ്കാസനബന്ധമുറപ്പിച്ചു
പര്യുപാസനംചെയ്തുനിരന്തരം
പര്യുദാസവുംചെയ്തു മനസ്സിന്റെ
പര്യാകർഷണവസ്തുക്കളൊക്കവെ
തന്റെമാനസംതങ്കലുറപ്പിച്ചു
തന്റെതത്വങ്ങൾ താനേ വിചാരിച്ചു
ആനന്ദാത്മകബ്രഹ്മമാകുന്നതും
താനാകുന്നതുമൊന്നെന്നുകല്പിച്ചു
നാനാജന്തുക്കൾക്കാധാരമാകുന്ന
ജ്ഞാനാകാരംപരംതത്വമെപ്പോഴും
ധ്യാനംകൊണ്ടുവിലോകനംചെയ്കയാൽ
ആനന്ദാമൃതമഗ്നനായങ്ങിനെ
നാലുഭാഗത്തും കല്പവൃക്ഷങ്ങളാൽ
വേലികെട്ടിയുറപ്പിച്ചതിന്നുള്ളിൽ
സ്വർണ്ണവർണ്ണംപുലിത്തോൽ വിരിച്ചൊരു

മണ്ഡപംതന്നിലാവാസംചെയ്തുടൻ
കണ്ണുമൂന്നുമടച്ചുകരങ്ങളും
*മണ്ഡലത്തിലടക്കിയുറപ്പിച്ചു
ജ്ഞാന§മുദ്രയാം രുദ്രാക്ഷമാലയും
മാനും ശൂലം പരശു കട്ടന്തുടി
തിങ്കളത്തെല്ലുമങ്ങെല്ലാം ഭുജംഗവും
തങ്കലുള്ളോരുചിഹ്നങ്ങളൊക്കവെ
അന്തികങ്ങളിലാദ്ധ്യാനവുംചെയ്തു
ദന്തിചമ്മത്തെക്കൊണ്ടു വിതാനിച്ചു
യോഗപട്ടവുമുത്തരീയാദിയും
നാഗത്താന്മാരെക്കൊണ്ടങ്ങുളവാക്കി
യോഗധ്യാനവുംചെയ്തുവസിക്കുന്ന
ഭാഗധേയസ്വരൂപപ്രകാരത്തെ
ചെന്നുകണ്ടപ്പോൾതന്നെ മനോഭവൻ
നിന്നുദേഹംവിറച്ചു തളൎന്നുടൻ
വില്ലുവിട്ടങ്ങു വീണു മഹീതലേ
തെല്ലുനേരംപരവശമെന്നല്ല.
ബോധംകെട്ടുകിടന്നോരനന്തരം
മാധവൻചെന്നുതാങ്ങി†പ്പിടിച്ചുടൻ
മെല്ലവേ ജലംകൊണ്ടു തളിക്കയും
പല്ലവംകൊണ്ടുവീയിത്തണുപ്പിച്ചു
നല്ലപുഷ്പംമണപ്പിക്കയുംചെയ്തു
മല്ലബാണന്നു ബോധമങ്ങുണ്ടാക്കി.

---

* തന്നംകത്തിൽ§മുദ്രയും†എടുത്തുടൻ.

നാണിച്ചുംകൊണ്ടെഴുന്നീററു മന്മഥൻ-
ബാണവുംവില്ലുംമെല്ലെയെടുത്തങ്ങു
ക്ഷീണഭാവം മറച്ചു മഹാരഥൻ-
പ്രാണനാഥയോടേവമുരചെയ്തു.
"വല്ലഭേ! രതിദേവി! വരികെടോ!
വല്ലതെങ്കിലുംകല്പിച്ചുകൂട്ടിഞാൻ
കില്ലുകൂടാതെ രുദ്രാക്ഷിവഹ്നിയിൽ
വില്ലുമായിപ്പതിച്ചു ശരീരത്തെ
വെണ്ണനീറാക്കുന്നുണ്ടു ഞാൻ വൈകാതെ
കണ്ണുനീർപൊഴിക്കേണ്ട നീ കാമിനീ!
മണ്ണുവെള്ളവുമിത്യാദികൊണ്ടൊരു
പിണ്ഡമല്ലോ ശരീരമതായതും
അസ്ഥിരക്തം മലമൂത്രമെന്നുള്ള
ദുസ്ഥിതങ്ങളാം ദുർഗ്ഗന്ധവസ്തുക്കൾ.
ഒക്കയുള്ളിൽനിറച്ചു പുറത്തൊരു
ത്വക്കുകൊണ്ടു മറച്ചു പൊതിഞ്ഞഹോ
ഇക്കണക്കുനടക്കുന്ന ദേഹികൾ
മിക്കവാറുമശുദ്ധിക്കുസാധനം.
ചന്ദ്രനെപ്പോലെ ചാരുമുഖമെന്നും
ചന്ദ്രികപോലെ മന്ദസ്മിതമെന്നും
വില്ലുപോലെ പുരികക്കൊടിയെന്നും
പല്ലവംപോലെ പാണിദ്വയമെന്നും
മുല്ലമൊട്ടിനുതുല്യങ്ങൾ പല്ലുകൾ
ഫുല്ലപങ്കജംപോലെ നയനങ്ങൾ

കുന്നുപോലെ കുചമെന്നും കല്പിച്ചു
നന്നുനന്നെന്നു ഭാവിച്ചിരിക്കുന്ന
സുന്ദരന്മാക്കുംസുന്ദരിമാക്കുമി-
സ്സുന്ദനാത്മകപ്രാണൻഗമിക്കുമ്പോൾ
മുശ്ച്ഛമാകുംശരീരത്തിന്നന്തികെ
മൂക്കുപൊത്താതെചെന്നങ്ങുനില്ക്കാമൊ?
ചത്തുപോകുന്നഗാത്രത്തിൽ കൌതുകം
സത്തുക്കൾക്കു ഭവിക്കയില്ലെത്രമേ.
മററുംനമ്മുടെ ദേഹങ്ങളെക്കൊണ്ടു്
മററുള്ളോക്കുപകാരത്തെച്ചെയ്യാകിൽ.
കുററമില്ല കുറഞ്ഞൊരുകാലംതാൻ
ഏററിക്കൊണ്ടുനടന്നതുനന്നാകും.
മത്ത്യന്മാക്കുമത്ത്യജനങ്ങൾക്കും
മൃത്യുഭാവത്തിന്നേതും കുറവില്ല.
അല്പകാലം മനുഷ്യക്കുജീവിതം
കല്പകാലാന്തം ദേവജനങ്ങൾക്കും
അത്രമാത്രമേ ഭേദംവരാനുള്ളു
ഗാത്രനാശമെന്നുള്ളതൊരുപോലെ.
എന്നതുകൊണ്ടു ഞാനുമെന്നംഗത്തെ
ഇന്ദ്രനാദിസുരന്മാക്കുപകാരം
വന്നുകൂട്ടമെന്നാകിലുപേക്ഷിപ്പാ-
നിന്നുസന്ദേഹംകൂടാതൊരുമ്പെട്ടേൻ.
സുന്ദരി! രതിദേവി! സുലോചനേ!
വന്ദനീയൻമഹാദേവനിശ്വരൻ.

വിശ്വസാക്ഷി വിരിഞ്ചാദികാരണം
വിശ്വസിക്കുന്നവൎക്കുവശംവദൻ
മുക്തികാമിക്കു മുക്തികൊടുപ്പാനും
ഭുക്തികാമിക്കു ഭുക്തികൊടുപ്പാനും
ദൈവതേജസ്സിനെപ്പോലെ മറെറാരു
ദൈവമില്ലെന്നറിക രതിദേവീ!
അക്കണക്കമഹത്തായദേവൻെറ
തൃക്കനൽക്കണ്ണിലാഹുതിയാക്കിയാൽ
ഇക്കളേബരംകൊണ്ടുള്ള കാൎയ്യങ്ങൾ
ഒക്കെസ്സാധിച്ചു ബാലേ നമുക്കിപ്പോൾ."
ഇപ്രകാരംപറഞ്ഞങ്ങുനിൽക്കുമ്പോ-
ളപ്രദേശംപ്രകാശിച്ചുകാണായി.
അപ്രമേയമൊരാകൃതിസൌന്ദൎയ്യം
തൽപ്രഭാജാലമഗ്രേവിളങ്ങുന്നു.
വെണ്ണിലാവിൻെറ വെണ്മകണക്കിനെ-
ക്കണ്ണിനാനന്ദം നൽകുന്ന കാന്തിയാൽ
സ്ഥാണുകാനനമൊക്കവിളങ്ങവെ
കാണുമാറായി കാമനുംഭാൎയ്യക്കും
പിന്നെയുമങ്ങു സൂക്ഷിച്ചനേരത്തു്
കന്യകാമണിരൂപവും കാണായി
കന്നൽനേർമിഴിയാളായ ഗൌരിയും
തന്നുടെ സഖിമാരുമൊരുമിച്ചു്
പന്നഗാകല്പനാകുന്നദേവൻെറ
പാദപങ്കജംപൂജിപ്പതിന്നായി

പുഷ്പഗന്ധജലാദിപദാൎത്ഥങ്ങളും
ശില്പമായിക്കരത്തിലെടുത്തുകൊ-
ണ്ടുൽപലാക്ഷി പതുക്കപ്പതുക്കവെ
തൽപ്ര*ദേശപ്രവേശംതുടങ്ങിനാൾ
കെട്ടഴിഞ്ഞുകിഴിഞ്ഞപൂരികുഴൽ
ഒട്ടു കൈകൊണ്ടുതാങ്ങിക്കൊണ്ടങ്ങിനെ
മട്ടലർമണം തേണ്ടുന്നവണ്ടുകൾ
കൂട്ടമോടെ കുസുമവനങ്ങളെ
ഒട്ടമാദരിയ്ക്കാതെവെടിഞ്ഞുകൊ-
ണ്ടെട്ടു‡ദിക്കിന്നുംവന്നുപരക്കവെ
മട്ടോലുംമൊഴിയാളുടെപിന്നാലെ
വട്ടമിട്ടുപറന്നുനടക്കുന്നു
നാളീകാക്ഷിതൻ നിശ്വാസസൌരഭ്യം
ലാളിപ്പാനായ് വരുന്നോരുവണ്ടിനെ
കേളിപങ്കജംകൊണ്ടുപതുക്കവെ
കേവലമഞ്ജുവാരണംചെയ്കയും
നീലപങ്കജപത്രംജയിച്ചിട്ടോരു
ലോലലോചനലീലാവിലാസവും
കുന്ദകന്ദളചന്ദ്രപ്രഭകളെ
നിന്ദിച്ചീടിനമന്ദസ്മിതങ്ങളും
കുന്നിൽമാതിൻെറ കുററമകന്നൊരു
സുന്ദരാകൃതിഭംഗികളങ്ങിനെ
കാണുംനേരത്തു കാമൻെറഭാൎയ്യയും
നാണംപൂണ്ടുമുഖംതാഴ്ത്തിനിന്നിതു

* ദേശേ. ‡ദിക്കിലും വന്നു പതുക്കവെ.

“മുപ്പുരാരിതൻ ചിത്തമിളക്കുവാൻ
ഇപ്പോൾനല്ലോരവസരമുണ്ടായി
ഉൽപലാക്ഷികടാക്ഷങ്ങളാമെൻെറ
ഉൽപലാസ്ത്രങ്ങളുന്നിപ്രയോഗിച്ചാൽ
കെൽപുള്ളോരുതപോധനന്മാരുടെ
ഉൾപൂബന്ധം പിളപ്പാൻതടവില്ല”
മുല്ലസായകനിത്ഥം വിചാരിച്ചു
വില്ലെടുത്തുകുലച്ചു പിടിച്ചുടൻ
സംമോഹാസ്ത്രമെടുത്തുതൊടുത്താശു
സംമോഹേന വലിച്ചുവലംചെവി-
തന്നിൽചേത്തങ്ങിടത്തെപ്പദാംബുജം
മുന്നിൽവെച്ചങ്ങുറപ്പിച്ചുനിന്നുടൻ
കച്ചകെട്ടിലമന്ദഗണ്ഡലം
മെച്ചമോടെശിവങ്കലുറപ്പിച്ചു
തഞ്ചത്തിൽത്താണുമാറിയടുത്തങ്ങു
പഞ്ചസായകനഗ്രേ സ്ഥിതിചെയ്തു.
ശൈലകന്യയുമാളീജനങ്ങളും
കാലശത്രുതന്നന്തികം പ്രാപിച്ചു.

(7) നാലുംമൂന്നും പ്രദക്ഷിണവുംവെച്ചു
നാഥപാദേ നമസ്കരിച്ചാദരാൽ
തോയഗന്ധം കുസുമാക്ഷതങ്ങളും
മായമെന്യേസമപ്പിച്ചുതങ്ങൾ
ഹേമപദ്മാക്ഷമാലയെ നൽകുവാൻ
കോമളാംഗിയുമാരംഭിച്ചീടിനാൾ

കാമദേവനും സമ്മോഹനമെന്നു
നാമമുള്ളോരു ബാണംതൊടുത്തിതു.
കൃത്തിവാസാവാമീശനുമന്നേരം
ചിത്തബന്ധമഴിഞ്ഞുപതുക്കവെ
നേത്രപദ്മംമിഴിച്ചങ്ങുമയുടെ
വക്ത്രപദ്മംവിലോകനം ചെയ്തപ്പോൾ
എത്രയുംനല്ലകാമവും പ്രേമവും
നേത്രാനന്ദവുമുണ്ടായി ദേവന്.
'സുന്ദരാംഗിതന്നംഗംമനോഹരം
മന്ദമൊന്നുപുണരേന്നു മതിയാവൂ'
എന്നൊരാഗ്രഹമുണ്ടായി തൽക്ഷണം
തന്നത്താനേ മറന്നുമഹേശ്വരൻ
അപ്പോൾത്തന്നെവികാരമടക്കിക്കൊ-
ണ്ടപ്പൊവിങ്കൽവിചാരംതുടങ്ങിതു.
'എന്തീവണ്ണമെന്നന്തസ്സമാധാന-
ഗ്രന്ഥിക്കുശൈഥില്യമുണ്ടാവാൻകാരണം!
ഏതുമൂഢന്റെ ദുർവ്യാപാരോദ്യോഗം
ഹേതുവായിട്ടിളകി മന്മാനസം?'
കാലകാലനീവണ്ണം വിചാരിച്ച
നാലുദിക്കിലും തൃക്കൺപാർത്തനേരം
അഗ്രഭാഗത്തു കാണായി തൽക്ഷണം
വിഗ്രഹത്തിന്നൊരുമ്പെട്ട മന്മഥൻ
മോഹനാസ്ത്രം തൊടുത്തു ചെവിക്കൊണ്ട
ദേഹമൊന്നു ഞെളിഞ്ഞു വിലങ്ങത്തിൽ

വാമപാദവും മുന്നിലുറപ്പിച്ചു
വാമമുഷ്ടിയുണത്തി വസിക്കുന്നു.
അപ്രകാരത്തിൽ നില്ക്കുന്ന കാമനെ
ക്ഷിപ്രമീക്ഷണംചെയ്തു പുരാന്തകൻ
അപ്രമേയപ്രകോപം കലൎന്നുടൻ
തൽപ്രദേശങ്ങളൊക്കജ്വലിക്കവെ
ഫാലനേത്രം മിഴിച്ചൊരനന്തരം
ജ്വാലമാലകളോടെ മഹാനലൻ
കാലകാലന്റെ മൂന്നാംതിരുക്കണ്ണിൽ
കാലവഹ്നികണക്കിനെജ്ജൃംഭിച്ചു.
കാലതാമസം കൂടാതെ ചെന്നങ്ങു
മാലതീശരൻ തന്നുടെ ഗാത്രത്തിൽ
തൂലരാശിയിലുജ്ജ്വലിക്കുംപോലെ
ചാലവെ പിടിപെട്ടു പതുക്കവേ.
കാലുതൊട്ടു തലയോളമാകവെ
മാലചൂടിമണം പെരുകീടുന്ന
നീലക്കുന്തലിലേന്തിജ്വലിക്കയും
സ്ഥൂലമസ്ഥികൾ പൊട്ടിത്തെറിക്കയും
മൂലരന്ധ്രത്തിലൂടെ കടക്കയും
മൂലാധാരം ദഹിച്ചു പതിക്കയും
ഫാലദേശം കപോലം കപാലവും
നാലുദിക്കിലും ചിന്നിപ്പതിക്കയും
ആകാശംതന്നിൽ വന്നങ്ങുനിൽക്കുന്ന
ലോകാധീശന്മാരെട്ടു വസുക്കളും.

ധരൻ, ധ്രുവൻ, സോമൻ, അഹൻ, അനിലൻ,
അനലൻ, പ്രത്യൂഷൻ, പ്രഭാസൻ ; അഷ്ട വസുക്കൾ

ചന്ദ്രസൂൎയ്യന്മാരശ്വനിദേവന്മാർ
ഇന്ദ്രലോകസ്ഥന്മാരാമമൎത്ത്യന്മാർ
സിദ്ധവിദ്യാധരാദി ഗണങ്ങളും
ബദ്ധപ്പെട്ടു വിളിച്ചുപറയുന്നു
"വാമദേവ! നമസ്തേ നമോസ്തുതേ
സോമചൂഡ! നമസ്തേ നമോസ്തുതേ
ശ്രീമഹേശ! നമസ്തേ നമോസ്തുതേ
ഭീമദേവ! നമസ്തേ നമോസ്തുതേ
കാമദേവനെസ്സംഹരിച്ചീടൊല്ല
കാമദ! കരുണാമൃതവാരിധേ!
സാമലിന! സമസ്തജനേശ്വര!
സാമവാക്യം പരിഗ്രഹിക്കേണമേ
മോഹവാരിധൌ മഗ്നനാം കാമന്റെ
സാഹസത്തെസ്സഹിച്ചരുളേണമേ
ദേഹരത്നം ദഹിച്ചുകളയാതെ
സ്നേഹത്തോടെ പരിപാലിക്കേണമേ"
ഇത്ഥം ദേവകൾ ഘോഷിക്കുംമുന്നമേ
ചിത്തജഗാത്രം ഭസ്മമായ് വീണിതു.
രൂക്ഷമാകുമിടിത്തീയിൽ വെന്തൊരു
വൃക്ഷംപോലെ ദഹിച്ചു മഹീതലേ
ഭസ്മശേഷമായ്ക്കാണായി കാമന്റെ
വിസ്മയാസ്പദമായൊരു വിഗ്രഹം
കാമദാഹത്തെക്കണ്ടു ഭയപ്പെട്ടു
പൂമെയ് പാരം തളൎന്നുഴന്നീടുന്ന

പുത്രിയെവന്നെടുത്തു ഹിമവാനും
തത്രനിന്നു ഗമിച്ചു പുരംപുക്ക
ചന്ദ്രശേഖരസ്വാമി ഭഗവാനും
നന്ദികേശ്വരനാദിഗണങ്ങളും
മന്ദമെന്നിയേ തത്ര മറഞ്ഞിതു
മന്ദഭാഗ്യ രതിമാത്രം ശേഷിച്ചു.
ബോധംകെട്ടു കിടന്ന രതിദേവി
ബാധയൊന്നും ഗ്രഹിക്കാതിരുന്നവൾ
ബോധിച്ചുത്ഥാനംചെയ്തു വിധിവശാൽ
ആധികളുള്ളൊരു കാരണമന്നേരം
ഭൂതലംതന്നിൽ തന്നുടെ കാന്തനെ
ഭൂതിമാത്രസ്വരൂപനായ് കണ്ടപ്പോൾ
കാതരാക്ഷി കരഞ്ഞുതുടങ്ങിനാൾ
ആതുരപ്പെട്ടു വീണുരുണ്ടങ്ങിനെ.
തങ്കരംകൊണ്ടു തന്നുടെ മാറത്തു
ശങ്കകൂടാതെ താഡനം ചെയ്യുമ്പോൾ
കങ്കണങ്ങൾ തകൎന്നുപതിച്ചുയും
സങ്കടങ്ങൾ പറഞ്ഞാലൊടുങ്ങുമോ?
"മന്ദഭാഗ്യയാമെന്നെ * മറന്നഹോ!
സുന്ദര! ഭവാനെങ്ങു ഗമിക്കുന്നു?
മന്ദഹാസമനോഹരം നിന്മുഖം
എന്നു ഞാനിനിക്കാണുമെൻഭൎത്താവെ!
ചന്ദനാചലത്തെന്നലും ചന്ദ്രനും
ചന്തമേറും വസന്തവുമന്തികേ

* വെടിഞ്ഞഹോ.

നന്ദിപൂണ്ടു സഹായമായുള്ളവർ
മന്ദന്മാരിപ്പോളാരുമില്ലാതായി.
കോകിലങ്ങളും ഭൃംഗകുലങ്ങളു-
മാകുലപ്പെട്ടുഴലും രതിയുടെ
ശോകം കണ്ടൊന്നും മിണ്ടാതെനിൽക്കയോ?
മാകന്ദായുധനോടെ ഗമിച്ചൂയോ?
ഭാൎയ്യയാമെന്നെക്കൂടാതൊരുനേരം
കാൎയ്യമൊന്നും നിനക്കില്ല മുന്നമെ
ആൎയ്യനാം ഭവാനയ്യോ മനോഭവ!
വൈരമെന്നോടു കാട്ടുന്നതെന്തിപ്പോൾ?
നാരിമാരിലനുരാഗമുള്ളൊരു
പൂരുഷന്മാരെ വിശ്വസിച്ചീടാമോ?
ചാരുവാണിമാരൊക്കെഗ്രഹിക്കേണം
ആരുമാരുമറിയാതിരിക്കേണ്ട
പ്രേമമുള്ളൊരുകാലം പുരുഷന്മാർ
പ്രേയസിയെന്നും പ്രാണസമയെന്നും
കാമിനിയെന്നും കല്യാണിനിയെന്നും
ഭാമിനിയെന്നുമെപ്പൊഴും ഘോഷിക്കും
നീരസമെന്നു തോന്നിത്തുടങ്ങുമ്പോൾ
പേരുമാറി വിളിക്കും പതുക്കവേ
ഭാൎയ്യയെന്നത്രമാത്രമുരചെയ്യും
കാൎയ്യം വിട്ടു കളിക്കാതെയായ്വരും
ഒട്ടുകാംക്ഷയില്ലാതായ് വരുന്നേരം
വിട്ടുപോവാനുമേതും മടിയില്ല.

മുട്ടമ്പോളൊരുതാരമവങ്കന്നു
കിട്ടുകില്ലെന്നല്ലൊട്ടുശകാരിയ്ക്കും
വട്ടമിങ്ങിനെചങ്ങാതിമാരുടെ
കഷ്ടമെന്നേപറവാനിനിയ്ക്കുള്ളൂ.
മട്ടലർബാണ!നീയെന്നെയിക്കാട്ടിൽ
ഇട്ടറക്കിക്കിടത്തിച്ചതിച്ചിതോ?
എങ്കിൽഞാനിനി നിന്നുടെപിന്നാലെ
ശങ്കകൂടാതെകൂടെഗ്ഗമിയ്ക്കുന്നേൻ
അംഗജ!നിൻെറ ഭസ്മത്തിൽവീണുടൻ
അംഗഭംഗിവിലേപനംചെയ്തുടൻ
അങ്ങുമിങ്ങുംജ്വലിയ്ക്കുംദവാഗ്നിയി-
ലങ്ങു ചാടിശ്ശരീരംദഹിപ്പിച്ചു
മംഗലാകൃതേ! നിന്നോടുകൂടവെ
മംഗലസ്ത്രീജനത്തിൻെറ ധർമ്മത്തെ
മങ്ങാതെകണ്ടുചെയ്യാൻതുടങ്ങുന്നു”
എന്നീവണ്ണംപറഞ്ഞുംകരഞ്ഞുംകൊ-
ണ്ടുന്നതസ്തനിയാകും രതിദേവി
തന്നുടെദേഹമഗ്നിയിലാക്കുവാൻ
സന്നാഹിച്ചെഴുന്നീറ്റൊരുനേരത്തു
അംബരംതന്നിൽനിന്നൊരുഭാരതി
ശംബരാരിപ്രിയയോടങ്ങുണ്ടായി.
“മന്മഥൻെറമഹിഷി! മനോഹരേ!
വെണ്മയോടെ നിശമനംചെയ്തു നീ
നിർമ്മലംതവദേഹംത്യജിയ്ക്കൊല്ല

ശർമ്മംമേലിൽ വരുംതവ വൈകാതെ
മന്മഥാരി ഭഗവാൻ പ്രസാദിക്കും
മന്മഥന്നു ശരീരത്തെയും നൽകും
നിന്മനോദയിതന്നുഭവിച്ചോരു
കല്മഷത്തിന്റെ കാരണം കേട്ടാലും
എങ്കിലോ പണ്ടു പങ്കജസംഭവൻ
മങ്കമാരെ*സൃഷ്ടിച്ചു പലവിധം
തങ്കരത്തിന്റെ കൌശലമൊക്കവെ
സംഘടിപ്പാനൊരുത്തിയെത്തീർത്തിതു
തിങ്കൾബിംബത്തിനുള്ളൊരു സാരവും
പങ്കജങ്ങളിലുള്ളൊരു സാരവും
മുല്ലമൊട്ടുകൾക്കുള്ളൊരു സാരവും
നല്ലപല്ലവങ്ങൾക്കുള്ള സാരവും
നീലമേഘങ്ങൾക്കുള്ളൊരു സാരവും
മാലതീകുസുമത്തിന്റെ സാരവും
നീലപത്മദളത്തിന്റെ സാരവും
ബാലകോകിലം തന്നുടെ സാരവും
താലജാല ഫലത്തിന്റെ സാരവും
ആലിലയ്ക്കുള്ളൊരാകൃതിസാരവും
സ്ഥൂലരംഭായുഗത്തിന്റെ സാരവും
ചാലവെ പുളിനത്തിന്റെ സാരവും
തങ്കപ്പൊന്നിന്റെ സാരവുമൊക്കവെ
സംക്രമംകൂടാതാദാനംചെയ്തുടൻ
പങ്കസംകരമില്ലാതെ നല്ലൊരു
പെങ്കിടാവിനെ നിർമ്മിച്ചു നാന്മുഖൻ.
അന്നേരം നിന്റെ വല്ലഭൻ മന്മഥൻ

---

+ സൃജിച്ചു.

ചെന്നുകണ്ടു കനക്കെവിചാരിച്ചു
ഉള്ളിലിബ്ബ്രഹ്മദേവനിരിക്കുന്ന
ഭള്ളിനല്പം കുറവുവരുത്തേണം
വെള്ളകീറുമ്പോൾ ചെന്നുകുളിക്കയും
വെള്ളംകോരി ജപിച്ചു കുടിക്കയും
വേദംനാലുമങ്ങുദ്ഘോഷം ചെയ്കയും
വേദാന്താർത്ഥം വിചാരിച്ചിരിക്കയും
മുല്ലപ്പൂപോലെപല്ലും വെളുപ്പിച്ചു-
ഞ്ഞെല്ലാനേരവും ശാസ്ത്രംപഠിക്കയും
കണ്ണിനാനന്ദമെല്ലാർക്കുമുണ്ടാക്കും
പെണ്ണിനെക്കണ്ടാൽ വാതിലടക്കയും
ഇത്രപാരം ഹവിസ്സായ ദേഹത്തെ
മാത്രമൊന്നു മറിച്ചേ മതിയാവു
പുത്രിയെത്തന്നെ കാമിപ്പതിനുള്ളോ-
രസ്ത്രമൊന്നു പ്രയോഗിക്കുന്നുണ്ടു ഞാൻ'
എന്നുകല്പിച്ചൊരസ്ത്രം പ്രയോഗിച്ചാൻ
തന്നെത്താനറിയാത്തമനോഭവൻ
അസ്ത്രമേററു വിരിഞ്ചനും തന്നുടെ
പുത്രിയാകും സരസ്വതിയെക്കണ്ടു
കാമിച്ചുള്ളത്തിൽ*കാമം+മുഴക്കയാൽ
കാമക്രീഡയ്ക്കൊരുമ്പെട്ടു നാന്മുഖൻ
പിന്നെച്ചിന്തിച്ചടക്കിവികാരത്തെ
തന്നെദ്ദോഷപ്പെടുത്തോരു കാമനെ
ക്ഷിപ്രമങ്ങു ശപിച്ചു വിരിഞ്ചനും
'ദുഷ്ടഭൂതപം മുഴുത്തോരുമന്മഥ!
മുക്കണ്ണൻ തൻെറ മൂന്നാമതായുള്ള

* താപം + പെരുക്കയാൽ

തൃക്കണ്ണിൽ നിന്റെ ദേഹം ദഹിച്ചീടും’
ശാപമിങ്ങിനെ കിട്ടുകകാരണം
താപമേവമകപ്പെട്ട കാമന്റ്.
ശാപമോക്ഷവും പിന്നെ ലഭിക്കയാൽ
ശോഭനം വരുമെന്നു ധരിച്ചാലും
യാതൊരു നാളിൽ പാർവ്വതീകല്യാണം
സാധിക്കുന്നു സദാശിവനീശ്വരൻ
അന്നു നിന്നുടെ കാന്തന്റെ വിഗ്രഹം
വന്നു സംഭവിച്ചീടും മനോഹരം!”:—
ഇത്തരമുള്ളൊരു വചനാമൃതമതു
സത്വരമന്‌പൊടു കേട്ടദശായാം
അത്തലശേഷമകന്നു കൃശോദരി
ചിത്തജകാമിനി രതിയുമുദാരം
സ്നാനം ചെയ്തു ശരീരവിശുദ്ധിയു-
മാനന്ദാമൃതപാനവുമുടനെ
മാനിനിമാർ കുലതിലകമതായൊരു
മനസിജരമണി മനോഹരശീലാ
പരമശിവന്റെ പദാംബുജയുഗളം
പരിചൊടു മനസി നിനച്ചു നിനച്ചഥ
പരമാനന്ദപയോനിധിതിരകളി-
ലവിരളമിളകിനകളികളികളുകാൽ
മനസിജതനുപുനരുണ്ടാകുരുമതു-
മനവരതം നിനവോടു വസിച്ചു
ഏന്നതരമുപരിവരുന്ന സുഖങ്ങളി-
ലനവധിരസമൊടു മംഗലമഖിലം.

രണ്ടാംപാദം സമാപ്തം.

## മൂന്നാം പാദം.

തിങ്കൾമൌലി തന്നഗ്നിത്തിരുക്കണ്ണിൽ
പങ്കജാസ്ത്രന്റെ സംഹാരം* ചെയ്കയാൽ
മങ്കമാർമണിപാർവ്വതിക്കുള്ളത്തിൽ
സങ്കടം ചെററു സംഭവിച്ചീടുന്നു.
"അംഗസൌന്ദര്യമുണ്ടെങ്കിലും പാർത്താൽ
അംഗനമാരിൽ തന്റെ പ്രിയന്മാർക്ക്"
അംഗജന്റെ വിലാസങ്ങൾ കൂടാതെ
സംഗമാഗ്രഹമുണ്ടാകയില്ലേതും.
ആയതുമൂലമിക്കാലമെന്നുടെ
കായസൌന്ദര്യംകൊണ്ടു ഫലമില്ല.
നായകൻ നമ്മെപ്പാണിഗ്രഹംചെയ്താൽ
ആയവന്നനുരാഗമില്ലെന്നാകിൽ
കണ്ണില്ലാത്ത പുരുഷന്റെമുൻഭാഗേ
കാമിനീടെ കടാക്ഷങ്ങളെപ്പോലെ,
കണ്ണുംകേളാത്തവന്റെ പുരോഭാഗേ
കമ്രവീണാപ്രയോഗത്തെപ്പോലെയും,
ചണ്ഡമാകിന കാനനമദ്ധ്യത്തിൽ
ചന്ദ്രപാദപ്രകാശത്തെപ്പോലെയും,
ശബ്ദാർത്ഥങ്ങളറിയാത്തവൻമുമ്പിൽ
ശാസ്ത്രവാക്യപ്രയോഗത്തെപ്പോലെയും,
സൂത്രാർത്ഥങ്ങൾ ഗ്രഹിക്കാത്തവനോട്
സൂക്തിതന്ത്വിചാരത്തെപ്പോലെയും,

* കാങ്കയാൽ,

കാമഭംഗേന കാന്തന്മാരോടുള്ള
കാമിനീജനവിഭ്രമം നിഷ്ഫലം.
ഇന്നുതന്നേ തപസ്സു തുടങ്ങുന്നേൻ”
എന്നുറച്ചു പുറപ്പെട്ടു പാൎവ്വതി.
‘ഇന്ദുശേഖരസ്വാമിയ്ക്കു കാരുണ്യ-
മെന്നൊരുനാളിലെങ്കൽ ഭവിക്കുന്നു
അത്രനാളും തപസ്സുചെയ്തെന്നുടെ
ഗാത്രശോഷണം ചെയ്യുന്നതുണ്ടു ഞാൻ’
പെട്ടന്നിങ്ങിനെ കല്പിച്ചുറച്ചുടൻ
പട്ടവസ്ത്രം വിഴുത്തുകളഞ്ഞാശു
വല്ക്കലംകൊണ്ടുടുത്തു തൻകോപ്പുകൾ
ഒക്കവേയങ്ങഴിച്ചുവെച്ചാദരാൽ
കേശപാശം പിരിച്ചുജടയാക്കി
ക്ലേശംകൂടാതെ മെല്ലെപ്പുറപ്പെട്ടു
കാനനംപുക്കു താനും സഖിമാരും
സ്നാനവുംചെയ്തു ഗംഗാജലം തന്നിൽ
ധ്യാനത്തിന്നൊരു ഭംഗംവരാതുള്ള
സ്ഥാനംനോക്കിയടിച്ചുകളിച്ചുടൻ
പൎണ്ണശാലയും കെട്ടിയങ്ങുണ്ടാക്കി
സ്വൎണ്ണവൃക്ഷങ്ങൾകൊണ്ടു വഴിപോലെ
നീലകണ്ഠസ്വരൂപത്തെ ധ്യാനിച്ചു
നീലവേണി തപംതുടങ്ങീടിനാൾ.
ബാലചന്ദ്രനും ഗംഗാഭുജംഗവും
ചാലവേ ചാരുചെഞ്ചിടാഭാരവും

ഫാലനേത്രം കപോലസ്ഥലങ്ങളിൽ
ലോലമാകിന കുണ്ഡലീകുണ്ഡലം
ചില്ലിവല്ലീസുനാസാപുടംനല്ല
പല്ലവാധരം മന്ദസ്മിതങ്ങളും
സോമസൂൎയ്യവിലോചനയുഗ്മവും
സോമബിംബസമാനം തിരുമുഖം
കാളകണ്ഠം തിരുമാറിടം തന്നിൽ
വ്യാളഹാരവും ഭൂതിവിലേപനം
തൃക്കൈനാലിൽ മൃഗവും പരശ്ശുവും
ചൊൽക്കൊണ്ടീടും വരദാഭയങ്ങളും
നാഭിരന്ധ്രമുദരം കടീതടം
ശോഭയുള്ള പുലിത്തോലുടയാട
ചാരുചഞ്ചലകാഞ്ചീഭുജംഗവും
ഊരുകാണ്ഡങ്ങളും ജംഘായുഗളവും
സൎപ്പമഞ്ജീരമഞ്ജുപദാബ്ജങ്ങളും
തൽപരാഗവുമെത്രമനോഹരം!
ഇപ്രകാരം തൽകേശാദിപാദാന്തം
സുപ്രസന്നം സുഖപ്രദമുത്തമം
മുപ്പുരാന്തകൻതന്നുടെ വിഗ്രഹം
ഉൾപ്പൂവിങ്കലുറപ്പിച്ചു പാർവ്വതി
ഘോരമാകും * നിയമം തുടങ്ങിനാൾ
ആരുമോർത്താൽ വരുത്താവതല്ലിദം
ശീതകാലേ കഴുത്തോളം വെള്ളത്തിൽ

---

* തപം തുടങ്ങീടിനാൾ.

വീതസന്ദേഹം നിന്നു തപംചെയ്യും
വേനൽക്കാലത്തു പഞ്ചാഗ്നിമദ്ധ്യത്തിൽ
ഊനമെന്യേ വസിച്ചരുളീടുന്നു.
വർഷകാലേ പുറത്തൊരുപാറമേൽ
വർഷധാരയുമേററു വസിച്ചീടും
പർണ്ണംകൂടെബ് ഭുജിയ്ക്കായ്കകാരണാൽ
വർണ്ണനീയമപർണ്ണയെന്നുള്ളപേർ
സ്വർണ്ണംപോലെതപിക്കുമ്പോളേററവും
വർണ്ണശോഭാശരീരത്തിനുണ്ടായി.
ഇപ്രകാരം തപംചെയ്തുകാനനേ
സുപ്രഭാവേന വാണരുളീടുന്ന
ശൈലപുത്രീടെ ഭാവം പരീക്ഷിപ്പാൻ
കാലവൈരി പുറപ്പെട്ടുമെല്ലവേ
ബ്രഹ്മചാരിശരീരത്തെക്കൈക്കൊണ്ടു
വെണ്മയോടെ തപോവനം പ്രാപിച്ചു
പർണ്ണശാലയിൽവന്നു കടക്കുന്ന
വർണ്ണിയെക്കണ്ടനേരത്തപർണ്ണയും
അർഘ്യപാദ്യാദി കൊണ്ടാശുപൂജിച്ചു
സൽക്കരിച്ചങ്ങിരുത്തി വണങ്ങിനാൾ
വർണ്ണിതാനുമുരചെയ്തു സാദരം
"വർണ്ണനീയഗുണേ! ശൃണു പാർവ്വതി!
ബാലഭാവേതപസ്സുതുടങ്ങുവാൻ
മൂലമെന്തെന്നുരചെയ്ക സുന്ദരി.
ലീലയോടെ സുഖിച്ചുവസിയ്ക്കേണ്ടും

കാലത്തിങ്ങിനെ ദുഃഖിക്കുന്നെന്തിനു?
ദ്രവ്യമില്ലാഞ്ഞു ഖേദം നിനക്കില്ല
ഭവ്യനല്ലൊ നിൻ താതൻ ഹിമവാനും.
നല്ലഭർത്താവുണ്ടാവാൻ മനോരഥം
തെല്ലുണ്ടെങ്കിലതിനെന്തു വൈഷമ്യം?
ഉർവ്വശീരംഭമേനകയാദിയാം
സർവ്വദേവനിതംബിനിമാരുടെ
ഗർവ്വമൊക്കെശ്ശമിച്ചിതുസാംപ്രതം
പാർവ്വതി! നിൻെറ രൂപഗുണംകൊണ്ടു്
ഏവമുള്ളനിനക്ക*വശമല്ലാ-
തേവനുള്ളു ജഗത്ത്രയംതന്നിലും!
കിന്നരന്മാരും കിംപുരുഷന്മാരും
പന്നഗന്മാരും വിദ്യാധരന്മാരും
ചാരണന്മാരും ദേവസമൂഹവും
ആരണന്മാരുമന്യജനങ്ങളും
ചാരുവാണി! നിൻകാരുണ്യമുണ്ടാവാൻ
പാരം മോഹിച്ചിരിക്കുന്നു പാർവ്വതി!
എന്തിനയ്യോ! തപസ്സുകൊണ്ടിങ്ങിനെ
ചന്തമുള്ള ശരീരം ക്ഷയിപ്പിപ്പാൻ
ഊണുറക്കമില്ലാച്ചു വനാന്തരേ
വാണു ദുഃഖിച്ചീടുന്നു വൃഥാതന്നെ?
ഇന്നു ഞാൻതന്നെ പാർവ്വതീകാന്തനായ്
വന്നുസംഭവിക്കേണമെന്നാഗ്രഹം

---

* വശനല്ല

മന്നിലുള്ള മഹാജനങ്ങൾക്കെല്ലാ-
മൊന്നുപോലെ ഭവിക്കുന്നു സുന്ദരി!
ഏതുധന്യനെക്കാമിച്ചു നീ വ്രതം
ചെയ്യുമേവുന്നു ചാരുവിലോചനേ!
ഇജ്ജനത്തിനു കേൾക്കരുതാത്തതോ?
ലജ്ജകൊണ്ടു പറഞ്ഞുകൂടാത്തതോ?
സജ്ജനം കേട്ടാലന്തരമുള്ളതോ?
ദുർജ്ജനങ്ങൾ ദുഷിക്കുമെന്നുള്ളതോ?
എന്തുകൊണ്ടു പറവാൻ മടിക്കുന്നു?
ദന്തിഗാമിനി! പർവ്വതകന്യകേ!
എന്തൊന്നാകിലുമെന്നോടുരചെയ്താൽ
ഏതും ദോഷം വരാനില്ല നിർണ്ണയം
കണ്ടപ്പോൾതന്നെ വിശ്വാസമെന്നുള്ളിൽ
ഉണ്ടായ്വന്നു വിശേഷിച്ചുമിന്നിപ്പോൾ
കണ്ടിവാർകുഴലാളേ! നീയും ഞാനും
രണ്ടല്ലെന്നു ധരിച്ചുകൊള്ളേണമേ."
ഇത്തരം ബ്രഹ്മചാരിതൻ ഭാഷിതം
ചിത്തരംഗപ്രസാദേന കേട്ടവൾ
ഉത്തരം പറവാൻ തന്റെ തോഴിയെ
സത്വരം ദൃഷ്ടികൊണ്ടു നിയോഗിച്ചു
വർണ്ണിയോടുരചെയ്തു സഖിതാനും
"വർണ്ണിപ്പാനിങ്ങു വൈദഗ്ദ്ധ്യമില്ലെടൊ!
അത്രമാത്രം കഥിക്കാമതുകൊണ്ടു
മിത്രമാം നീ പ്രസാദിച്ചുകൊള്ളേണം.

നാരികൾക്കു ദുരാഗ്രഹമുണ്ടെന്നു
പാരിലൊക്കെ പ്രസിദ്ധമിസ്സംസാരം
ആരുമൊത്താൽവരുത്താവൊന്നല്ലാത്തോ-
രാരംഭമിക്കുമാരിയ്ക്കു സാംപ്രതം.
മാരവൈരിയാകുന്ന ഭഗവാന്റെ
ഭാര്യയായ് വരുവാനിവൾക്കാഗ്രഹം
നിർദ്ധനന്മാർമന്നോരാജ്യമോക്കുമ്പോൾ
അർദ്ധരാജ്യം കൊതിയ്ക്കുമാറില്ലല്ലോ
വർദ്ധിക്കുന്നവലിപ്പത്തിലാഗ്രഹം
അർത്ഥിക്കുന്നവൻഭോഷനെന്നേവരും.
സാധിച്ചീട്ടുമോ തന്റെ മനോരഥം
ബാധിച്ചീട്ടുമോ ദേവൻമഹേശ്വരൻ
എന്നുള്ളോരുവിചാരമിവൾക്കില്ല
തന്നുള്ളത്തിലെ മോഹം മുഴുക്കയാൽ
താനാരെന്നും മഹാദേവനാരെന്നും
താനേ ചിന്തിപ്പാനാളല്ലാതാകയാൽ
ആനന്ദാമൃതബ്രഹ്മസ്വരൂപത്തെ
ധ്യാനംകൊണ്ടു വിലോകനംചെയ്യിവൾ
ആശ്ലേഷാദിസുഖംകൊണ്ടുമോദിയ്ക്കും
വിശ്ലേഷത്തെവിചാരിച്ചരോദിയ്ക്കും
ഭ്രാന്തുതന്നെ പിടിച്ചുവെന്നുള്ളോര-
ഭ്രാന്തിയുണ്ടാകും കാണുന്നവർക്കെല്ലാം
കാമദേവൻ പ്രയോഗിച്ചസായകം
വാമദേവന്റെഹുംകാരംകൊണ്ടഹോ

തെററിപ്പോന്നങ്ങിവളുടെ ദേഹത്തിൽ
തെററന്നാശുതറച്ചുകനക്കവെ.
അന്നുതൊട്ടതികഷ്ടമായ്വന്നിതു
കുന്നിൽമാതിന്റെ വൃത്താന്തമൊക്കവെ.
കുത്തിയിട്ടുമുളപ്പിച്ച വൃക്ഷങ്ങൾ
പൂത്തുകാച്ചു തകച്ചിതാ നില്ക്കുന്നു.
കുന്നിൽമാതിൻമനോരഥവൃക്ഷങ്ങൾ
ഇന്നുംപൂത്തതും കാച്ചതുമില്ലെടൊ!
അന്തകാരിക്കു കാരുണ്യമില്ലാഞ്ഞാൽ
എന്തുചെയ്യുന്നു ഞങ്ങൾ കുമാരക!”
ഇപ്രകാരം സഖിയുടെ വാക്കുകൾ
വിപ്രബാലൻ വിരവോടു കേട്ടുടൻ
സപ്രഹാസം പറഞ്ഞുതുടങ്ങിനാൻ
“ഇപ്രസംഗംപരമാത്ഥമെന്നാകിൽ
ഇപ്രയാസംപഴുതെ നിനക്കെടൊ!
സുപ്രസന്നസ്വരൂപിണി! പാവ്വതി!
അപ്രിയം നിനക്കുണ്ടാകയില്ലെങ്കിൽ
ദൃഷ്ടബോധം പറഞ്ഞുശമിപ്പിക്കാം
കാമദേവനെക്കണ്ണിലെരിച്ചൊരു
വാമദേവനെക്കാംക്ഷിക്കുംപെണ്ണിനെ
ഭൂമിപാതാളസ്വഗ്ഗലോകങ്ങളിൽ
നാമൊരേടത്തും കേട്ടറിയുന്നില
എത്രതന്നെ മഹാവൃദ്ധനദ്ദേഹം
ഗോത്രമേതെന്നുമാക്കുമറിവില്ല.

നേത്രംമൂന്നുള്ള വക്ത്രമുടയോരു
ഗാത്രംപാരം വികൃതമെന്നോൎക്ക നീ
തുമ്പചാമ്പലും പാമ്പുമലങ്കാരം
വമ്പുലിത്തോലുമെല്ലും കപാലവും
ചെമ്പിച്ചോരു ജടയിലകപ്പെട്ടോ-
രമ്പിളിക്കലെക്കീടനിറംകെട്ടു.
മുണ്ടകൌപീനമെന്നിവകൊള്ളുവാൻ
രണ്ടിനാരത്തിനൎത്ഥമവനില്ല.
കണ്ടകാട്ടിൽ ചുടലക്കളങ്ങളിൽ
കണ്ടവേതാളഭൂതങ്ങളുമായി
നൃത്തമാടിയിരന്നു നടക്കുന്ന
കൃത്തിവാസാവെക്കാന്തനാക്കീടുവാൻ
മററുമിഗ്ഗിരികന്യകളെന്നിയേ
മറെറാരുത്തിക്കുമാഗ്രഹമില്ലിപ്പോൾ.
കുങ്കുമച്ചാറണിഞ്ഞു വിളങ്ങും നിൻ
കൊങ്കരണ്ടിലും വെണ്ണനീറെപ്പൊഴും
സംക്രമിപ്പാനായുള്ളൊരു സ്സന്നാഹം
പങ്കജാക്ഷി! നിനക്കു ചിതമല്ല
ശങ്കരൻെറ മഹിഷിയായീടിനാൽ
സങ്കടങ്ങൾ പലതും ഭവിച്ചീടും.
ശങ്കയില്ല കുലസ്ത്രീജനത്തിൻെറ
സംഘത്തിൽകൂടെ കൂടുവാൻ വൈഷമ്യം.
ബ്രഹ്മദേവൻെറ മൂൎദ്ധാവറുക്കയാൽ
ബ്രഹ്മഹത്യാ ഭവിച്ചു നിമിത്തമായ്

ബ്രാഹ്മണന്മാരിലാരും ശിവനുടെ
നിർമ്മാല്യത്തെപ്പരിഗ്രഹിക്കുന്നില
ഊണിന്നും നല്ല വസ്ത്രമുടുപ്പാനും
നാണിയത്തിനും കോപ്പിട്ടിരിപ്പാനും
പാണിയിൽപ്പുത്തു വീശമുണ്ടാവാനും
പ്രാണനാഥൻെറ പുഷ്ടികൊണ്ടേ വരൂ.
താനുണ്ണാത്തൊരു തേവരെസ്സേവിച്ചാൽ
തന്വംഗി! നിനക്കഷ്ടിലഭിക്കുമോ?
പള്ളളിക്കും വസനമായുള്ളവൻ
വസ്ത്രദാനത്തിനാളാകുമോ ശിവൻ?
നൂറുലക്ഷം വയസ്സായ കാളമേ-
ലേറുവാനോ നീയാഗ്രഹിച്ചീടുന്നു?
ആറു ചൂടുന്ന ദേവങ്കലെത്രയും
കൂറുണ്ടാവാൻ നിനക്കെന്തു കാരണം!
കാളകണ്ഠനെക്കാമിപ്പതൊട്ടുമെ
കോളല്ലെന്നു നമുക്കിഹ തോന്നുന്നു
പാളയുംകൊണ്ടു ഭിക്ഷയേററീടുവാൻ
ആളല്ലേതും നീയദ്രികുമാരികേ!"
ശംഭുനിന്ദകളീവണ്ണം കേട്ടപ്പോൾ
സംഭൃതക്രോധകംപിതഗാത്രിയാം
മാനേലുംമിഴിമൌലിമഹേശ്വരി
താനേ കിഞ്ചിൽ പറഞ്ഞുതുടങ്ങിനാൾ.
"പോരുംപോരുമബദ്ധം പറയാതെ
പോക നീയാശു വിപ്രകുമാരക!

ആരു നിന്നോടു ചോദിച്ചു വൃത്താന്തം
സാരബോധമില്ലാത്ത കിശോരക!
വിശ്വമൊക്കെ § സൃഷ്ടിക്കുന്നതും ശിവൻ
വിശ്വരക്ഷണം ചെയ്യുന്നതും ശിവൻ
വിശ്വസംഹാരിയാകുന്നതും ശിവൻ
വിശ്വസംപൂൎണ്ണനാകുന്നതും ശിവൻ
ഐശ്വൎയ്യത്തിനിരിപ്പേടമാകുന്നോ-
രീശ്വരന്റെ പരമാൎത്ഥതത്വത്തെ
ശാശ്വതബ്രഹ്മവാദിജനങ്ങൾക്കും
ശാസ്ത്രികൾക്കുമറിവാനെളുതല്ല.
നിൎദ്ധനനെന്നും നിഷ്കുരുണനെന്നും
വൃദ്ധനെന്നും ദൂഷിക്കുന്ന നിന്നുടെ
ബുദ്ധിവൃത്തിക്കു ശുദ്ധിയില്ലേതുമേ.
വൎദ്ധിക്കുന്നു ജളത്വം നിനക്കുള്ളിൽ
അഷ്ടമൂൎത്തിയെ നിന്ദിച്ച ജിഹ്വയെ
ച്ചുട്ടെരിക്കണമേവനെന്നാകിലും
കഷ്ടം നിന്നുടെ ധിക്കാരമിക്കാലം
നഷ്ടമാവാനടുത്തു നിന്നായുസ്സും
ദുസ്സാമൎത്ഥ്യം പറയാതെ പോയാലും
ദുസ്സ്വഭാവമിവിടെത്തരമല്ല
സൽസ്വഭാവപ്രധാനം തപോവനം
സജ്ജനങ്ങളേ സഞ്ചരിച്ചീടാവൂ മാത്രമേ
ഞാനുമെന്റെ സഖിമാരും പോകുന്നു
കാനനത്തിന്നു വിസ്താരമുണ്ടല്ലോ. 260

---

§ സൃജിക്കുന്നതും.

ജ്ഞാനമില്ലാത്ത നിന്നോടു ശാസിപ്പാൻ
സ്ഥാനമിങ്ങില്ല വല്ലതും ചൊൽക നീ"
ഇപ്രകാരമരുൾചെയ്തു പാർവ്വതി
തൽപ്രദേശമുപേക്ഷിച്ചുപോവാനായ്
ക്ഷിപ്രമങ്ങെഴുന്നീറ്റോരനന്തരം
സൽപ്രമേയൻ പ്രസാദിച്ചു ശങ്കരൻ
ചന്ദ്രഭൂഷണമിന്ദ്രിയതോഷണം
മന്ദ്രഭാഷണമംഗജശോഷണം
ഭൂതിഭൂഷണം ഭൂതഗണേഷണം
വീതദൂഷണം വൈരിവിഭീഷണം
ദിവ്യരൂപം ധരിച്ചു മഹേശ്വരൻ
"ദിവ്യകന്യകാരത്നമേ! നില്ലെടൊ!
മല്ലലോചനേ! വന്നാലും നിന്നുടെ
വല്ലഭൻ ചന്ദ്രശേഖരനേഷഞാൻ
പല്ലവാധരി! നിന്റെ മനോധൈര്യം
തെല്ലുനേരം പരീക്ഷിപ്പാൻ വന്നു ഞാൻ
പ്രീതനായിഞാൻ നിന്റെ തപസ്സിനാൽ
ക്രീതനായി ഞാനദ്രികുമാരികേ!
പാതിവ്രത്യബലംകൊണ്ടു നീയെന്റെ
പാതിദേഹം പകുപ്പിച്ചു മേടിക്കും
ഭക്തന്മാർക്കു ശരീരത്തെപ്പോലും ഞാൻ
ദത്തമാക്കുന്ന ദേഹമെന്നോർത്താലും
സക്തനാമെന്നെസ്സമ്മാനിച്ചീടേണം
മുക്തസന്ദേഹമാലിംഗനംകൊണ്ടു"
എന്നരുൾചെയ്തു കുന്നിൻമകളുടെ

മുന്നിൽച്ചെന്നാശു മൃഗേശ്ഛാന്ദുശേഖരൻ
ശോണപങ്കജംപോലെമനോഹരം
പാണിപല്ലവം മെല്ലപ്പിടിച്ചപ്പോൾ
നാണംപൂണ്ടു മുഖാംബുജം താഴ്ത്തിനി-
ന്നേണലോചനയാകുന്ന പാർവ്വതി
ദൃഷ്ടികൊണ്ടു സഖിയെനിയോഗിച്ചു.
ധൃഷ്ടയാമവൾ വന്ദിച്ചുരചെയ്തു
"ശൈശവേതന്നെ സംഭവിച്ചീടുന്ന
ശൈവഭക്തിയ്ക്കു സാഫല്യമിന്നിപ്പോൾ
സിദ്ധമായ്വന്നു മൃഗേശ്ഛാന്ദുശേഖര!
ബദ്ധപ്പാടിനിവേണ്ട ഭഗവാനെ!
താതമാതാക്കന്മാരെ ഗ്രഹിപ്പിച്ചാൽ
ഏതും വൈഷമ്യംകൂടാതെ കല്യാണം
സാധിപ്പിച്ചീടുമെന്നാലവർകളെ
ബോധിപ്പിച്ചിടവേണം വിരവോടെ.
ഇപ്പോൾ ഞങ്ങളെ വേഗമയക്കേണം
മുപ്പുരാന്തക! നാഥ! നമസ്കാരം":— 
ഗിരിവരമകളുടെ ഹൃദയമറിഞ്ഞൊരു
ഗിരിവരകാർമ്മുകനാകിയ ഭഗവാൻ
സരസിജചലദലമിഴിമണിയാളൊടു
സരസമുവാച സദാശിവനേവം.
"പർവ്വതരാജകുമാരി! സുശീലേ!
പരിണതഗുണഗണശാലിനി! ബാലേ!
സർവ്വനിതംബിനിമാരടിക്കൂപ്പും
സമുചിതവരതനുനനുശുണവാചം

പൎവ്വതവരനുടെ മാനസമറിവാൻ
പരിചൊടു ഞാനിനിമാനനിമൌലേ!
സൎവ്വതപോധന കുലപതിമാരാം
സപ്തൎഷികളെ നിയോഗിയ്ക്കുന്നേൻ.
സംപ്രതിനീയും തവസഖിമാരും
സപദിപുരം പ്രതിഗമനം ചെയ്യിൻ
സംഭൃതിവന്നമനോരഥനാം ഞാൻ
സമുദിതമാനസനായീടുന്നു.
നമ്മുടെ രജതമഹാഗിരിഭവനേ
നലമൊടു ഗമനംചെയ്തീടുന്നേൻ"
മന്മഥരിപുഭഗവാനിതി വിരവൊടു
മതിമുഖിമണിയൊടു യാത്രപറഞ്ഞഥ
തത്രതിരോഹിതനാകിയസമയേ
തരുണീകുലമണിഗിരിവരമകളും
തന്നുടെ സഖിമാരോടിടകൂടി
അരസാഗിരിവരപുരിയിലണഞ്ഞു
ചന്ദ്രശിഖാമണി ഭഗവാൻതന്നുടെ
ചരണസരോരുഹയുഗളമുദാരം
തന്നുടെ മനസി നിനച്ചു നിനച്ചഥ
തരുണിമനോഭവതാപമിയന്നു;
തച്ചരിതാമൃതമോൎത്തുസുഖിച്ചു
തരുണസുധാകരമധുരമുഖീനിജ
മന്ദിരസീമനി വാണരുളുന്നു
മലമകൾ സുഖമൊടു മംഗല*മഖിലം.

മൂന്നാം പാദം സമാപ്തം.

---

* മമലം

## നാലാംപാദം.

ശ്രീമഹാദേവസ്വാമി വിരവോടെ
ശ്രീകൈലാസംപ്രവേശിച്ചു സാദരം
മാമുനീന്ദ്രന്മാരേഴു ജനത്തെയും
താമസിയ്ക്കാതെ സംചിന്തനംചെയ്തു.
സപ്തയോഗീന്ദ്രന്മാരും പുറപ്പെട്ടു
സപ്രമോദമരുന്ധതീദേവിയും
സത്വരംവന്നു കൈലാസപൎവ്വതേ
സത്വവാന്മാർ വണങ്ങിമഹേശനെ.
സൽകുലീനന്മാരാകും മുനികളെ
സൽകരിച്ചു വഴിപോലെ ശങ്കരൻ
ഉൾക്കമലത്തിലുള്ളോരു*വാഞ്ഛിതം
ഒക്കവെ മുനിമാരോടുരുൾചെയ്തു
"പുത്രനേകൻ നമുക്കു ജനിയ്ക്കാഞ്ഞു
വൃത്രവൈരിയ്ക്കും ദേവകുലങ്ങൾക്കും
ശത്രുദാനവ ധിക്കാരമിക്കാലം
എത്രയുംപാരം വൎദ്ധിച്ചിരിയ്ക്കുന്നു
ദാരകൻ മമ ജാതനായെങ്കിലേ
താരകാസുരനിഗ്രഹം സാധിപ്പൂ
ദാരകൎമ്മത്തെ നമ്മെക്കൊണ്ടായവർ
പാരാതെകണ്ടു ചെയ്യിപ്പാനായിട്ടു
സൎവ്വകാലം പ്രയത്നത്തെച്ചെയ്യുന്നു
ഗീൎവ്വാണന്മാരുമിന്ദ്രൻ വിധാതാവും

---

* കാംക്ഷിതം.

പാർവ്വതിയുടെ ജാതകംനന്നുപോൽ
പൂർവ്വപുണ്യമക്കന്യകയ്ക്കുണ്ടുപോൽ
ചേർച്ചയുണ്ടു പല വസ്തു ചിന്തിച്ചാൽ
ചാർച്ചയുംനന്നു ശൈലേന്ദ്രനോടിപ്പോഠ
ആഴ്ചവട്ടത്തിനുള്ളിൽ വിവാഹവും
താഴ്ചകൂടാതെ സാധിപ്പിച്ചീടേണം
കേളിയുള്ള മുനീന്ദ്രന്മാർ നിങ്ങളും
വേളിസംസാരത്തിന്നു സമർത്ഥന്മാർ
ധന്യനാമചലാധീശനെക്കൊണ്ടു
കന്യകാദാനം ചെയ്യിക്കേണം നിങ്ങഠ
കല്യാണത്തെക്കഴിപ്പിപ്പാനുത്സാഹം
നല്ല നാരികഠക്കേററമുണ്ടായ്വരും
എന്നതുകൊണ്ടരുന്ധതീദേവിയും
വന്നതെത്രയും നന്നായിസാമ്പ്രതം
എന്നാലൊട്ടുമേ താമസം കൂടാതെ
ചെന്നുവേളിപറഞ്ഞുസമയവും
നിങ്ങഠതന്നെ കഴിച്ചിങ്ങുപോരേണം
മംഗലംഫലമിപ്പോഠ പുറപ്പെട്ടാൽ."
എന്നതുകേട്ട സപ്തമുനീന്ദ്രന്മാർ
ചന്ദ്രചൂഡനെ വന്ദിച്ചുസാദരം
വ്യോമമാർഗ്ഗേണ യാത്രതുടങ്ങിനാർ
താമസിയ്ക്കാതരുന്ധതീദേവിയും
ഓഷധീശപ്രകാശന്മാരദിത-
ന്നോഷധിപ്രസ്ഥമെന്നുള്ള മന്ദിരേ

തൽക്ഷണംചെന്നകംപുക്ക നേരത്തു
സൽകരിച്ചു ഹിമവാനും ഭാൎയ്യയും
ഹേമപീഠങ്ങൾതോറും വസിപ്പിച്ചു
മാമുനീശ്വരന്മാരെ വഴിപോലെ
നാമപൂൎവ്വം നമസ്കാരവുംചെയ്തു
കാമദന്മാരോടേവമുരചെയ്തു
"സ്വാഗതം സപ്തമാമുനിശ്രേഷ്ഠരേ!
യോഗതൽപരന്മാരായ നിങ്ങളെ
ഭാഗധേയംകൊണ്ടിങ്ങിനെ ദൎശിപ്പാൻ
യോഗംവന്നു നമുക്കിന്നുനിൎണ്ണയം.
ഞാനുമെന്റെ മകളായ ഗൌരിയും
മേനയാമെന്റെ ധൎമ്മദാരങ്ങളും
ഭാസമാനന്മാരാകും ഭവാന്മാൎക്കു
ദാസന്മാരെന്നറിഞ്ഞുകൊള്ളേണമെ.
ബുദ്ധിമാന്മാർ മദീയനികേതനം
ശുദ്ധമാക്കുവാൻവന്നതും വിസ്മയം
എന്തിതിന്നൊരു കാരണമെന്നതും
ഹന്തനിങ്ങളരുളിച്ചെയ്തീടേണം."
എന്നതു * കേട്ടരുചെയ്തു യോഗികൾ
"വന്നതിനുള്ളകാരണം കേട്ടാലും
ചന്ദ്രചൂഡന്റെ ശാസനംകൊണ്ടിപ്പോൾ
മന്ദിരേതവ വന്നിതു ഞങ്ങളും
പൎവ്വതേശ്വര! നിന്നുടെ പുത്രിയാം
പാൎവ്വതിയെ വിവാഹം ചെയ്തിടുവാൻ

---

* കേട്ടരുൾ

സർവ്വലോകാധി * നായകനാകുന്ന
ശർവ്വദേവനഭിലാഷമെത്രയും
നിർവ്വിളംബമക്കർമ്മം വഴിപോലെ
നിർവ്വഹിക്കേണം നിൻെറ മനസ്സോടെ
സർവ്വദേവന്മാർക്കഗ്രേസരൻ ശിവൻ
പർവ്വതങ്ങളിലഗ്രഗണ്യൻ ഭവാൻ
സർവ്വസമ്മതമായുള്ള സംബന്ധം
സർവ്വഥാ നിങ്ങൾതമ്മിൽ മനോഹരം.
൨ കണ്ടുകൊൾക ഗിരീശനെന്നുള്ളപേർ
രണ്ടുപേർക്കും പ്രസിദ്ധമതല്ലയോ?
പണ്ടേതന്നെ വിചാരിക്കിലായതു
കൊണ്ടുതന്നേ ഭവിക്കുന്നു സംബന്ധം
൩ കണ്ഠേകാളൻെറ കാരുണ്യമുണ്ടായാൽ
കുണ്ഠമെന്നിയെ നിൻെറ വിഭൂതികൾ
വേണ്ടുവോളമുടനുടൻ വർദ്ധിക്കും
വേണ്ട സന്ദേഹം പുത്രിയെ നൽകുവാൻ
സോമചൂഡൻ ഭഗവാൻ ഭവാനുടെ
ജാമാതാവായിവന്നു ഭവിക്കുമ്പോൾ
മുന്നമുന്നതനെന്നാകിലും ഭവാൻ
ഉന്നതന്മാരിലുന്നതനായ്വരും."
ഇത്ഥമുള്ള മുനീശ്വരന്മാരുടെ
ഉക്തികേട്ടു പ്രസാദിച്ചു പർവ്വതം
ഉത്തരംഗിതചിത്തകുതൂഹലം

* നാഥനതാകുന്ന

ഉത്തരംപുനരേവമുരചെയ്തു:
“വിശ്വനായകനെന്നുടെ പുത്രിയെ
വിരവിൽവേൾപ്പാനഭിലഷിച്ചീടുന്നു.
വിശ്വസാക്ഷികൾ നിങ്ങൾ മുനീന്ദ്രന്മാർ
വിഗതസംശയമുത്സാഹിച്ചീടുന്നു
ഇപ്രകാരമിക്കാര്യം വരുമെങ്കിൽ
ഇതിനെക്കാൾ ഗുണമെന്തുവരാനുള്ളു?
തൽപ്രസാദമെൻപുത്രിയിലുണ്ടെങ്കിൽ
തരുണിമാർകുലമൌലിയതാമിവൾ.
ഇത്രനാളും ഞാനീശാനദേവൻെറ
ഹിതമറിയാഞ്ഞു മിണ്ടാതിരിയ്ക്കുന്നു
ഇത്രഭാഗ്യമിനിയ്ക്കു ഭവിയ്ക്കുമോ?
ഇതിനുമാത്രം സുകൃതമിനിയ്ക്കുണ്ടോ?
ഇത്രിലോകങ്ങൾക്കെല്ലാമധീശ്വരൻ
ഇവളുടെ ഭർത്താവായിവരുന്നേരം
ഇത്രപോന്നിട്ടില്ലശ്ശൈലേന്ദ്രനെപ്പോലെ
ഇനിയൊരുത്തനുമില്ലെന്നുവന്നീടും.
സത്രഭോജികൾ വന്നുവണങ്ങേണ്ടും
സകലനാഥൻ മേ ജാമാതാവായെല്ലൊ
മദ്ഭാര്യയ്ക്കുമിനിയ്ക്കുമെൻപുത്രിയ്ക്കും
മഹിതമാമെൻെറ ബന്ധുജനത്തിനും
അല്പംപോലും വികല്പമിപ്പ്യകാര്യം
അതിസുഖേനലഭിയ്ക്കേണം വൈകാതെ”
സപ്തയോഗീന്ദ്രന്മാരുമുരചെയ്തു

"സപദിസംഭാരംകൂട്ടിക്കൊൾക ഭവാൻ
സപ്തമേ ദിനേ നന്നമുഹൂർത്തവും
സകലയോഗങ്ങളൊക്കവെ സംപൂർണ്ണം
അന്നിവിടെയ്ക്കെഴുന്നെള്ളുമീശ്വരൻ
അതിനുവേണ്ടുന്ന ബന്ധുജനങ്ങളും
ഇന്നുപോകുന്നു ഞങ്ങൾ ഹിമവാനെ!"
ഇതിപറഞ്ഞു നടന്നു മുനീന്ദ്രന്മാർ
കൈലാസാചലംപ്രാപിച്ച ദിവ്യന്മാർ
കനിവൊടെല്ലാമുണർത്തിച്ച വൃത്താന്തം
കാലാരാതി ഭഗവാനുമന്നേരം
കരളിലാനന്ദമേററമങ്ങുണ്ടായി.
'ആറുവാസരമദ്രീശപുത്രിത-
ന്നതിമനോഹരമാനനം കാണാഞ്ഞാൽ
ആറുവാസരമെന്നിങ്ങുതോന്നീടും
നിയത'മെന്നു നിനച്ചുമഹേശ്വരൻ
മുററുംദണ്ഡിച്ചുപോക്കി ദിവസങ്ങൾ
മുനികുലാർച്ചിതനാകും ഭഗവാനും
മററുള്ളോരുടെ മാനസംതന്നിലെ
മദനചാപല്യമെന്തുപറയുന്നു?
വേളിയാത്രയ്ക്കൊരുമ്പെട്ട ശങ്കരൻ
വെളിവിലാശു പുറപ്പെട്ടനേരത്ത്
നാളീകാസനനിന്ദ്രാദിദേവകൾ
നരകവൈരിയും നാനാമുനികളും
ഗന്ധർവന്മാരും വിദ്യാധരന്മാരും
ഗഗനചാരികളൊക്കപ്പുറപ്പെട്ടു

ചന്തമേറീട്ടുമുർവ്വശിയാദിയാം
ചട്ടുലലോചനമാരും പുറപ്പെട്ടു
ശംഖഭേരീപടഹാദിഘോഷിച്ചു
ശതമഖാദി മഹാവൃന്ദമൊക്കവെ
ശങ്കരാചലം പ്രാപിച്ചുസാദരം
ശശികലാമൌലിപാദേ വണങ്ങിനാർ.

നീലകണ്ഠൻെറ വേഷവുമന്നേരം
നിമിഷംകൊണ്ടു പകർന്നു കാണായ്വന്നു.
കോടീരഭാരമെത്രയും നല്ലൊരു
കുടിലകുന്തളമായി പ്രകാശിച്ചു
ചൂടീട്ടന്നൊരു കൊന്നയും തുമ്പയും
ചുഴലവുന്നല്ലമല്ലപ്പൂമാലയായ്
ഫാലംതന്നിലെ വഹ്നിവിലോചനം
പരിചിൽനല്ലതിലകവുമായ് വന്നു
ബാലചന്ദ്രനും കൈതപ്പൂവായ്ത്തീർന്നു
ബഹുളജംഗങ്ങൾ പൊന്മണിക്കോപ്പുകൾ
കുണ്ഡലീശന്മാർ കുണ്ഡലമായിട്ടും
കടകംതോൾവള കാഞ്ചികളായിട്ടും
കണ്ഠത്തിൽമറു കസ്തൂരിയായിതു
കരത്തിൽമാൻമഴു കാഞ്ചനപദ്മങ്ങൾ
വന്പുലിത്തോലും പട്ടുപുടവയായ്
വെളുത്തവെണ്ണീറും ചന്ദനച്ചാറായി
പാമ്പുകൊണ്ടുള്ള പാദകടകങ്ങൾ
പരിചിൽമിന്നുന്ന പൊന്നിഞ്ചിലമ്പായി
കൂററനുംപിന്നെപ്പൊന്നണിഞ്ഞാനയായ്

കുതിരക്കൂട്ടമായേതാനും ഭൂതങ്ങൾ
കാലാൾക്കൂട്ടങ്ങളായിട്ടൊരുവിധം
കരത്തിൽവാളും പരിചയും കൈക്കൊണ്ട്
പത്തിവാളും പരിചയും കുന്തവും
പലവിധങ്ങളിലായുധക്കോപ്പുകൾ
ഭക്തിമാന്മാരെടുത്തു നടകൊണ്ടു
ഭടജനത്തിന്റെ ഭാവംനടിച്ചുടൻ
ചെണ്ടക്കാർ ചിലർ മദ്ദളക്കാർ ചിലർ
ചിലരഹോ കൊമ്പുകാരും കുഴൽക്കാരും
പണ്ടാരപ്പെട്ടിപേറിട്ടൊരു*വിധം
പലവിധങ്ങളിൽ ഭൂതങ്ങളിങ്ങിനെ
പള്ളിപ്പല്ലക്കെടുപ്പാനൊരുക്കൂട്ടം
പടയെക്കൊണ്ടു നടപ്പാനൊരുക്കൂട്ടം
(വെറുതെക്കൈവീശിക്കൊണ്ടങ്ങൊരുക്കൂട്ടം)
പട്ടോലക്കാരന്മാരങ്ങൊരുക്കൂട്ടം
പണവും പൊന്നുമെടുത്തങ്ങൊരുക്കൂട്ടം
പട്ടുകെട്ടിച്ചുമപ്പാനൊരുക്കൂട്ടം
പരിവാരത്തെ ബ്ഭരിപ്പാനൊരുക്കൂട്ടം
അന്ദോളംവേണമഗ്ഗികുമാരിയെ
അവിടെനിന്നിങ്ങെഴുന്നെള്ളിച്ചീടുവാൻ
ആയതിന്നൊരുക്കൂട്ടം ഭഗവാന്റെ
അടിയാരായിട്ടും ഭൂതങ്ങൾ ഭൂതങ്ങൾ
ഇന്ദ്രനുംപിന്നെ വിഷ്ണുഭഗവാനും
ഇരുപുറംനിന്നു ചാമരം വീയുന്നു

* കൂട്ടം.

ചന്ദ്രതുല്യമാം ഛത്രവും കൈക്കൊണ്ട്
ചതുർമ്മുഖൻതാനും പിമ്പെ നടക്കുന്നു
അശ്വനിദേവന്മാരങ്ങിരിവരും
അരികെനിന്നാലവട്ടം പിടിയ്ക്കുന്നു.
രശ്മിചെററുകുറച്ചുകൊണ്ടാദിത്യൻ
രജനിനാഥനുംമുന്നിലുംപിന്നിലും
വെണ്ണിലാവൊത്ത വെള്ളക്കൊടിക്കൂറ
വെളിവിലേററമുയർത്തിപ്പിടിക്കുന്നു
വിണ്ണിലുള്ളോരു പെണ്ണുങ്ങളൊക്കവെ
വിരവിൽത്താലമെടുത്തു നടക്കുന്നു
മുപ്പത്തുകോടി മുക്കോടിയും പിന്നെ
മുദിതന്മാരായ ദേവന്മാരൊക്കവെ
മുന്നിലാമ്മാറകംപിടികൂടുന്നു
മുനികളെല്ലാരുമാർത്തു പുറപ്പെട്ടു
ചെണ്ടമദ്ദളം ചേങ്ങലം താളവും
ചെറിയ*ശംഖങ്ങൾ$നാകസ്വരങ്ങളും
രണ്ടുപന്തിനിരക്കെപ്രയോഗിച്ചു
രസികന്മാർകണ്ടു മൂർദ്ധാവിളക്കുന്നു
പൊന്നണിഞ്ഞ ഗജത്തിന്റെ കണ്ഠത്തിൽ
പുരവിനാശനൻ ദേവനെഴുന്നെള്ളി
പിന്നിലിന്ദ്രനും വിഷ്ണുഭഗവാനും
കനകചാമരം കൊണ്ടുകരയേറി
ഘോഷയാത്രതുടങ്ങിപതുക്കവെ
ഘനമനോഹരകോലാഹലത്തോടെ

---

* വംശങ്ങൾ $ നാദസ്വരങ്ങളും?

ഓഷധിപ്രസ്ഥമാകും പുരത്തിന്റെ
ഒരുവിളിപ്പാടടുക്കും ദേശാന്തരേ
പർവ്വതേന്ദ്രന്റെ യോഗം തികഞ്ഞുടൻ
പടഹംകൊട്ടി മുഴക്കി പുറപ്പെട്ടു.
സർവ്വവധൂവൃന്ദം താലങ്ങളിൽ നല്ല
സരസദീപം കൊളുത്തി നിരക്കവേ
അക്ഷതം പൂവുമിട്ടുകൊണ്ടാദരാൽ
അഴകോടങ്ങെതിരേല്പാൻ നടകൊണ്ടു
യക്ഷകിന്നരഗന്ധർവ്വ സിദ്ധന്മാർ
എതിരേററീടുവാൻ കൂടെപ്പുറപ്പെട്ടു
കൊട്ടിഘോഷിച്ചു ചെന്നങ്ങെതിരേററു
കൂട്ടിക്കൊണ്ടിങ്ങുപോന്നു ഭഗവാനെ
ചട്ടററീടുന്ന രത്നഗൃഹംതന്നിൽ
പട്ടുകൊണ്ടു വിതാനിച്ചു ഭംഗിയിൽ
മട്ടലർമാല തൂക്കിയണിഞ്ഞുകൊ-
ണ്ടെട്ടുഭാഗത്തും രത്നദീപങ്ങളും
മുത്തുകൊണ്ടു നിറപറയുംവെച്ചു
പത്തുലക്ഷം കനകകുംഭങ്ങളിൽ
മിന്നും വൈഡൂര്യരത്നം നിറച്ചതിൽ
പൊന്നിൻവൃക്ഷലതകുത്തിചമയിച്ചു
സ്വർണ്ണപീഠത്തിൽ പട്ടുവിരിച്ചതിൽ
സ്വർണ്ണപുഷ്പങ്ങളിട്ടുടൻ പൂജിച്ചു
സ്വർണ്ണതാലങ്ങൾ വെള്ളിത്തളികകൾ
സ്വർണ്ണക്കിണ്ടികലശം ചരക്കുകൾ
സ്വർണ്ണപാത്രങ്ങളിത്ഥം നിരക്കവെ

മണ്ഡപങ്ങളിൽ വെച്ച പല ദിക്കിൽ
കുണ്ഡമുണ്ടാക്കി ഹോമമൊരുദിക്കിൽ
തണ്ഡുലാദിപചനമൊരുദിക്കിൽ
അപ്പം വാക്കുന്നതുണ്ടങ്ങൊരുദിക്കിൽ
വെപ്പന്മാരുടെ ഘോഷമൊരുദിക്കിൽ
ഇപ്രകാരം മഹോത്സവസന്നാഹം
ക്ഷിപ്രമങ്ങു തുടൎന്നോരനന്തരം
മുപ്പുരാരി ഭഗവാനെ നല്ലൊരു
പൊൽപുരത്തിലിരുത്തി ഹിമവാനും
തൽപദാൎച്ചനം ചെയ്തു വഴിപോലെ
സൽപദാൎത്ഥങ്ങൾ കൂട്ടിത്തുടങ്ങിനാൻ
സ്വൎഗ്ഗസ്ത്രീകളൊരുദിക്കിലൊക്കവെ
വൎഗ്ഗം കൂടിയിരുന്നുരചെയ്യുന്നു
"ഉൎവ്വശി! നീയറിഞ്ഞോയിരിക്കുന്നു
പാൎവ്വതിക്കു പതിയായിട്ടാരുപോൽ?"
"പൎവ്വതംകൊണ്ടു വില്ലുകുലച്ചവൻ
പാൎവ്വതിക്കു വരനാവാൻവന്നുപോൽ"
"കാമദേവനെക്കണ്ണിലെരിച്ചവൻ
കാമിനിക്കു വര * നായാൽ ചേരുമോ?"
"കാമനെദ്ദഹിപ്പിച്ച മഹേശ്വരൻ
കാമനെജ്ജനിപ്പിപ്പാനുമാളാകും".
"ഉമ്മാനില്ലാത്തവന്നു കുമാരിയെ-
സ്സമ്മാനിക്കുന്നതേതും ഗുണമല്ല"
"മററുള്ളോരെബ്ഭജിപ്പിക്കും ദേവനു്
കൊററിനില്ലെന്നു ചൊല്ലുന്നതാരഹോ?"

* നാവാൻ

“എങ്കിലെന്തിനിരന്നു നടക്കുന്നു
തിങ്കൾചൂടുന്ന തമ്പുരാനെപ്പൊഴും”
“ദാനംചെയ്യും ജനത്തെപ്പരീക്ഷിപ്പാൻ
ദീനഭാവം നടിക്കുന്നു ശങ്കരൻ”
“വെണ്ണനീറണിയുന്ന പുരുഷനെ-
പ്പെണ്ണിനുണ്ടോ മനസ്സിൽ തെളിയുന്നു?”
“വെണ്ണീറെങ്കിലും ചന്ദനമെങ്കിലും
കണ്ണിനാനന്ദമുണ്ടായാൽ പോരാതോ?
“കുററനാകുന്ന വാഹനം ചേരുമോ?”
ഊററക്കാർക്കെന്തു ചേർച്ചയില്ലാതുള്ളു?”
“അസ്ഥിമാലയണിയുമ്പോലീശ്വരൻ”
“അസ്ഥികൂടാതെ ദേഹങ്ങളുണ്ടാമോ?”
“നെററിമേലൊരു നേത്രമുണ്ടാകയാൽ
ചെററും ഭംഗിയില്ലെന്നിങ്ങു തോന്നുന്നു”
“നെററിമേലൊരു കണ്ണുള്ളതീശനു
കുററമെന്നോ നീ ഭോഷി! പറയുന്നു?”
“ഗാത്രമെങ്ങുമൊരേടമൊഴിയാതെ
നേത്രമുള്ളൊരു * ദേഹം പുരന്ദരൻ
നമ്മുടെ നാഥൻ സുന്ദരനല്ലെന്നു
നിന്മതമെന്നു വന്നു ഭവിച്ചിട്ടും”
“എങ്കിൽപോകനാമൊട്ടുമേ വൈകാതെ
ശങ്കരന്റെ വരവതു കാണേണം”
പങ്കജാക്ഷിമാരേവം പറഞ്ഞുടൻ
വെങ്കളിമാടമേറിനിന്നാദരാൽ
ചന്ദ്രചൂഡൻ വിവാഹഘോഷം നോക്കി-

* ദേവൻ

ച്ചന്തമോടേ ഗമിച്ചതുള്ളന്നതും
സുന്ദരാംഗിമാർ കണ്ടുകുതൂഹലാൽ
മന്ദംതമ്മിൽപറഞ്ഞു തുടങ്ങിനാർ
"കേട്ടപോലെയല്ലീശൻെറ വിഗ്രഹം
കേവലംനല്ല ശൃംഗാരമോഹനം
നീണ്ടുരുണ്ടു ചുരുണ്ട തിരുമുടി
നീലമേഘത്തെത്തോലിപ്പിണയ്ക്കുന്നു
ചന്ദ്രനെവെല്ലും ചാരുമുഖാംബുജം
ചന്ദനാലേപസുന്ദരമംഗവും
ഇന്ദുചൂഡനുതുല്യനായിട്ടൊരു
സുന്ദരൻ മൂന്നുലകിലുമില്ലെടൊ!
കാമനെദ്ദഹിച്ചീമഹേശ്വരൻ
കാമൻ താൻതന്നെ ദേഹമുപേക്ഷിച്ചാൻ
തൻെറദേഹവുമീശൻെറ ദേഹവും
തമ്മിൽകണ്ടാലിളപ്പം തനിക്കത്രെ
ആട്ടുമാനവും തമ്മിലടുക്കുമോ?
കീടവും ബ്രഹ്മദേവനും തുല്യമോ?
ഇത്ഥമാധിയാമഗ്നിപിടിപെട്ടു
ചിത്തജൻതാനേ ഭസ്മമതായല്ലോ.—
കന്നിൽമാതിൻെറ ഭാഗ്യംമനോഹരം
മന്നിൽമറെറാരു പെണ്ണില്ലിവളുപോലെ
എന്നെസ്സൃഷ്ടിച്ച വേധാവും പാർവ്വതീ-
തന്നെസ്സൃഷ്ടിച്ച വേധാവുമൊന്നെങ്കിൽ
എന്നെക്കാളും ഗുണമിപ്പെണ്ണിനുണ്ടാവാൻ
എന്തുസംഗതി ചൊൽകതിലോത്തമേ!

മേനകേ! ചൊൽകനിയെന്തുകാരണം
മേനാഗൎഭത്തിൽ വന്നു ജനിയ്ക്കാഞ്ഞു?
മൈനാകത്തിന്റെ സോദരിയ്ക്കല്ലാതെ
മന്മഥാരിവരനായ് ഭവിക്കുമോ?
അദ്രിപുത്രിതാനെത്ര തപംചെയ്തു
രുദ്രദേവനെ ഭൎത്താവാക്കീട്ടുവാൻ.
രുദ്രദേവനുമെത്രതപം ചെയ്തു
അദ്രിപുത്രിയെ ഭാൎയ്യയാക്കീട്ടുവാൻ
രുദ്രദേവനുമദ്രികുമാരിയ്ക്കും
ഭദ്രമെന്നേ പറവാൻനമുക്കുള്ളു
മുത്തുരത്നവും പത്തരമാററുള്ള
ശുദ്ധസ്വൎണ്ണവും തങ്ങളിൽ ചേരുമ്പോൾ
സംഭവിക്കുന്ന ശോഭയ്ക്കുതുല്യമാം
ശംഭുഗൌരീസമാഗമശോഭയും."
ഇപ്രകാരം പറഞ്ഞു സുരസ്ത്രീകൾ
സപ്രമോദം കടാക്ഷങ്ങൾ തൂകിനാർ
തൽക്കടാക്ഷപ്രഭകൊണ്ടു ദിക്കുക-
ളൊക്കത്തന്നെ കറുത്തനിറമായി
രത്നകുംഭങ്ങളായിരമുള്ളൊരു
രത്നമണ്ഡപം പ്രാപിച്ചു ശങ്കരൻ
രത്നപീഠേ വസിച്ചോരനന്തരം
രത്നവൎഷം തുടങ്ങി ഗിരീശനും
രണ്ടുകയ്യിലും കൊള്ളാഞ്ഞ വിപ്രന്മാർ
മുണ്ടുകാട്ടിക്കനകങ്ങൾ വാങ്ങുന്നു
കെട്ടിപ്പേറിശ്ശരീരം തളൎന്നാലും

കിട്ടിയാൽമതിയാകുന്നതില്ലാൎക്കും.
പട്ടും പൊന്നും പണവും രജതവും
ചട്ടററീടുന്ന രത്നസമൂഹവും
കെട്ടിവെച്ചു കിടന്നങ്ങുറങ്ങുന്നു
അഷ്ടികാലാകുംനേരമെഴുനീല്ക്കും
ഇപ്രകാരം സുഖിച്ചു വസിക്കുന്നു
വിപ്രന്മാരുടെ വൃന്ദമനവധി.
അന്നേരത്തു വിവാഹമുഹൂൎത്തവും
വന്നടുത്തു തുടങ്ങി ക്രിയകളും
കാശ്യപാദി മുനീന്ദ്രന്മാരാദരാൽ
കൎമ്മമെല്ലാമനുഷ്ഠാനം ചെയ്യുന്നു
വെണ്മയോടെ ചടങ്ങുകൾ കാട്ടുവാൻ
ബ്രഹ്മദേവൻതുടങ്ങി വഴിപോലെ
അഗ്നിദേവൻ ശിവന്റെ തിരുമുമ്പിൽ
അത്യുദാരം ജ്വലിച്ചു വസിച്ചപ്പോൾ
അഗ്നിസാക്ഷികമാകും വിവാഹത്തി-
നദ്രിപുത്രിയെച്ചാരു ചമയിച്ചു
പട്ടിണപ്പുട കെട്ടിയുടുപ്പിച്ചു
പട്ടുകൊണ്ടു ശരീരം പുതപ്പിച്ചു
കങ്കണംമണിഹാരം പതക്കങ്ങൾ
തങ്കപ്പൊന്നരഞ്ഞാണും പലവിധം.
കുണ്ഡലം മണിമോതിരം തോൾവള
മണ്ഡനങ്ങളനേകമണിയിച്ചു
അപ്സരസ്ത്രീകളദ്രികുമാരിയെ
മപ്പുരാരിപുരോഭാഗേ കൊണ്ടന്നു.

വേളികർമ്മങ്ങളെല്ലാം വഴിപോലെ
നാളീകാക്ഷീശിരോമണിയെക്കൊണ്ടും
കാളകണ്ഠനെക്കൊണ്ടും വിരിഞ്ചൻതാൻ
കാലതാമസംകൂടാതെ ചെയ്യിച്ചു.
സോദരൻ മുകിൽവർണ്ണൻ മുരാന്തകൻ
സോദരിയാകും പർവ്വതകന്യയെ
സാദരം പുരവൈരിക്കുമെല്ലവെ
സോദകം ദാനംചെയ്തു കനിവോടെ.
ഏണാങ്കശേഖരനീശ്വരൻ
ഏണനേർമിഴിയാളാമുമയുടെ
ശോണപങ്കജംപോലെ മനോഹരം
പാണി * പങ്കജം സ്വീകരിച്ചീടിനാൻ
വ്യാജഹീനം ജ്വലിക്കുന്ന വഹ്നിയിൽ
ലാജഹോമവും ചെയ്യിപ്പിച്ചാദരാൽ
പാർവ്വതീപരമേശന്മാരെക്കൊണ്ടു
പാവകനെ പ്രദക്ഷിണം $ വെപ്പിച്ചു.
പങ്കജാസനൻ പിന്നെപ്പുളുക്കവെ
ശങ്കരസ്വാമിയെക്കൊണ്ടു പത്നിയെ
അശ്മലംഘനകർമ്മവും ചെയ്യിച്ചു
ആശ്വസിച്ചു ഹിമവാനും ഭാര്യയും.
ഏവംഘോഷിച്ചു പാർവ്വതീകല്യാണം
ദേവദേവൻ ദയാനിധി ശങ്കരൻ
ഭാവമോദേന സാധിച്ചനന്തരം
ഭാര്യയോടെ രമിച്ചു വസിച്ചിതു.
ഉർവ്വീപാതാളസ്വർഗ്ഗങ്ങളിൽ വാഴും

---

* പല്ലവം $ ചെയ്യിച്ചു.

സർവ്വപ്രാണിസമൂഹങ്ങളൊക്കവെ
പർവ്വതാഗ്രെ സ്വത്രുപിക്കകാരണം
പർവ്വതം തത്ര താണു കനംകൊണ്ടു്.
ഉത്തരഭൂമിഭാഗമമന്നപ്പോൾ
സത്വരംപൊങ്ങി ദക്ഷിണഭാഗങ്ങൾ.
അത്തൽപ്പെട്ട സമസ്തജനങ്ങളും
ബദ്ധപ്പെട്ടങ്ങുഴലും ദശാന്തരെ
തെക്കഭാഗമമപ്പോളഗസ്ത്യനെ-
ദൃക്കകൊണ്ടു നിയോഗിച്ചു ശങ്കരൻ
തൽക്ഷണേന ഗമിച്ചാനഗസ്ത്യനും.
ദക്ഷിണാർണ്ണവതീരത്തെ പ്രാപിച്ചു
കുംഭസംഭവൻ തത്ര വസിച്ചപ്പോൾ
കുംഭിനീഭാഗമൊക്കസ്സമമായി.
മററും കുംഭജനേകനൊരുഭാഗേ
മററുള്ളാളുകളെല്ലാം മറുഭാഗേ
രണ്ടുഭാഗത്തും തുല്യം കനമപ്പോൾ
കണ്ടുകൊൾക മുനിയുടെ മാഹാത്മ്യം
കണ്ടുംകേട്ടുമറിയാതൊരത്ഭുതം
കണ്ടുകൊണ്ടാടി സർവ്വജനങ്ങളും:—
ഗിരിവരതനയാവല്ലഭനാകിന
ഗിരിശൻ ഭഗവാനരികുലകാലൻ
സുരനരദനുജജലജംഗമജംഗമ-
നികരമശേഷവുമാദരവോടെ
അവരവരുടെ ദിശിഗമനംചെയ്യതി-
നനുമതി കനിവോടു ചെയ്തൊരുസമയേ
ശിവപദസരസിജവന്ദനപൂർവ്വം

സുവിശദസുഖമവർഗമനംചെയ്തു
നാരായണനും നളിനാസനനും
നാരദസനകസനന്ദനാദികളും
മാരാന്തകനൊടു യാചനചെയ്തു
മാരനുദേഹം ദാനംചെയ്വാൻ
ശങ്കരഭഗവാനരുളിച്ചെയ്തു
ശതമഖനോടും ശതധൃതിയോടും
"പങ്കജശരനുടെ ദേഹവിനാശന-
സങ്കടസാഹസമെന്നുടെ കോപാൽ
വന്നുഭവിച്ചിതു വിധിബലയോഗാൽ
വരമിനിവിരവൊടു നൽകീടുന്നേൻ.
അംഗജ! വരികമനോഹരമാകിന
മംഗലമംഗകമംഗോപാംഗം
സംഗതമെന്നരുൾ ചെയ്തൊരു സമയേ
സപദിലഭിച്ചു ശരീരമുദാരം
രതിയൊടു സഹിതനതാകിന രതിപതി
സുരപതിപാദേ ചെന്നുവണങ്ങി.
അതിശയസുഖമൊടു ഹിമഗിരിഭവനേ
തത്രവസിച്ചു രമിച്ചൊരു ഭഗവാ-
നത്രഭവാന്മാർക്കഖിലമതമഖിലം
ശുഭമപി വിതരതു ശുകപുരമമരും
മമപരദൈവം മംഗലനിലയം.

ഇതി ശ്രീപാർവ്വതീസ്വയംവരം
കഥാപ്രബന്ധം
നാലാം പാദം
സമാപ്തം.

# അൎത്ഥക്കുറിപ്പുകൾ.

## ഒന്നാംപാദം.

വരി 1. ശ്രീശുകാലയം=കിള്ളിക്കുറിശ്ശി. 6. വേദിയന്മാർ=അറിവുള്ള ബ്രാഹ്മണർ. വേദിൻ (സം.) വേദസ്വരൂപി=വേദോദയൻ, സൂൎയ്യൻ. സാമവേദം സൂൎയ്യങ്കൽനിന്ന് പുറപ്പെട്ടതായ് പറയപ്പെടുന്നു 41. ആശുഗം=അസ്ത്രം, വായു. 45-46. "കംഠേസ്വായംഗ്രാഹനിഷക്തബാഹും" (കു) 89. "പ്രഭാതേ ദിവസപരിണതൌ ച" (സ്വ.) 91-92 ചന്ദ്രന്റെ പ്രേരണപ്രകാരം ഉണ്ടായ സ്വാഹയുടെ നിൎബ്ബന്ധം നിമിത്തം അഗ്നി അവൾക്ക് ദിവ്യമന്ത്രം ഉപദേശിച്ചു 93 ചാരുഭാവം=നല്ലസ്നേഹം. 116 ധൃഷ്ടസൂചകൻ=ധാൎഷ്ട്യമുള്ള ഏഷണിക്കാരൻ. "ഇന്ദ്രൻ മുതലായദേവന്മാർ വിഷ്ണുവിനെ ധ്യാനിച്ചു. ഉടനെ വിഷ്ണു പ്രത്യക്ഷമായ്വന്ന് അഗ്നിയോടു രഹസ്യമായിട്ടൊന്ന് പറയുവാനുണ്ടെന്നും അതു് സ്വാഹപോലും കേട്ടുപോകരുതെന്നും പറഞ്ഞു് മററുള്ളവരെ അകററിയപ്പോൾ അഗ്നി സ്വാഹയെ ഒരിടത്തുവെച്ചു് വിഷ്ണുവിന്റെ അരികത്തുചെന്നു. അതവ്വിൽ സ്വാഹ ചന്ദ്രനെപ്പുറത്താക്കുകയും അവളുടെ സമീപത്തൊളിച്ചുനിന്നിരുന്ന ദേവന്മാർ വസ്ത്രം മേൽപെട്ടെറിഞ്ഞ് കൈകൊട്ടിച്ചിരിക്കയും ചെയ്തു" (സ്വാ.) 171: മധുമാധവന്മാർ=ചൈത്രവൈശാഖങ്ങൾ. 225. കുമാരി=പെങ്കിടാവ്, ദുൎഗ്ഗാഭഗവതി. "തച്ഛാസനാൽ കാനനമേവസവ്യം ചിത്രാർപിതാരംഭമിവാവതസ്ഥേ" (കു.)

## രണ്ടാംപാദം.

വരി 2. സൎവ്വദൻ, ആനന്ദൻ, സദാനന്ദൻ=ശിവൻ 4. വിഷാദൻ=വിഷംതിന്നവൻ. 9. പൎയ്യംകാസനം=വീരാസനം. 11. പൎയ്യുദാസം=ഉപേക്ഷിക്കൽ. 21 "സദേവദാരുദ്രുമവേദികായാം" (കു.) 123_124. "സ്രസ്താം നിതംബാദവലംബമാനാ പുനഃപുനഃകേസരദാമകാഞ്ചീം" (.കു) 165. "മന്ദാകിനീപുഷ്കരബീജമാലാം" (കു.) 198. ജ്വാലമാല, ജ്വാലാ, എന്നും ജ്വാലഃ എന്നുമാവാം. 202. മാലതീശരൻ=കാമദേവൻ. മാലതീ=പുഷ്പം, പെണ്ടകിടാവ്. 222. മീമൻ=ശിവൻ. 273-274. "ദയിതാസ്വനവസ്ഥിതം നൃണാം ന ഖലുപ്രേമചലം സുഹൃജ്ജനേ" (കു.) 287 താരം=അരപ്പെട്ടെസ്സ്. 300 മംഗലസ്ത്രീജനം=പാതിവ്രത്യമുള്ള സ്ത്രീകൾ. 370_371. "തദാസ്മരം വപുഷാസ്വേനനിയോജയിഷ്യതി" (കു.)

## മൂന്നാംപാദം.

69. "പയസിഗളദഘ്നേ" (പാ) "ഉദവാസതൽപരാ" (കു.) 71. പഞ്ചാഗ്നിമദ്ധ്യത്തിൽ, അഞ്ചാമത്തെ അഗ്നി സൂൎയ്യൻ. 83. "വാടവംവപുരവലംബമാനഃ" (പാ) 95. "അമൃഗ്യമൈശ്വൎയ്യസുഖം" (കു.) 115. "വ്യാകൃഷ്ടസ്തവവിഭ്രമൈഃപരമസൌദാസത്വമാലംബതേ" (പാ) 132. നൈവായമന്യോ ജനഃ (പാ) 177. "വക്തവ്യം ഹാസംവിനാനാപരം" (പാ) പ്രഹാസഃ=ഉറക്കെയുള്ള ചിരി, നിന്ദ, ശിവൻ. 178. പ്രസംഗം=വിഷയം,

സംബന്ധം, ആവേശം. 188. "അലക്ഷ്യജന്മതാ" (ക) 203. , സ്കനദ്വയസ്മിൻ ഹരിചന്ദനാസ്പദേ" (ക.) 217. വീശം=പണത്തിന്റെ പതിനാറിലൊരംശം 223. "വൃ ഭോക്ഷം" (ക.) 260. "വിസ്തീർണ്ണാപൃഥിവീ" 332. "ഗിരികന്യാ പ്രാപശേഷംപ്രസന്നാ" (പാ.)

നാലാം പാദം.

1. സ്വാമീ=ശിവൻ. 6. "സാരുന്ധതീകാഃ" (ക.) 33_34. "പ്രായേണൈവം വിധേകാര്യേപുരസ്ത്രീണാം പ്രഗല്ഭതാ" (ക.) 49. "തത്രവേത്രാസനാസീനാൻ"(ക.) 62. "പൂതാമമൈതേ ഗൃഹാഃ" (പാ.) 65. യോഗികം, വസിഷ്ഠൻ എന്നു (പാ.) അംഗിരസ്സെന്നു (ക.) 74. നിർവ്വഹിക്കുക=കഴിയുക. 119. "സപ്തമദിനാവസിതൌ" (പാ.) "ത്ര്യഹാദൂർദ്ധ്വം" (ക:) 129-131. സപ്തകം വാസരാണാം ശതകമിവ യുഗാനാം" (പാ.) 157. "ചന്ദ്രൌന്നിത്യം പ്രതിഭിന്നമൌലേശ്ചൂഡാമണേഃകിം ഗ്രഹണം ഹരസ്യ" (ക) 163. "ചിത്രംപീതദ്ദുകൂലഭാവമ ജേച്ഛൻമാപിതാരക്ഷവം" (പാ.) 167. "സഗോപതിം ആരുഹ്യപ്രതസ്ഥേ" (ക.) 190. "മൂർത്തേചഗംഗായമുനേ സചാമരേ" (ക.) "ചക്രധരകമലാസനാഭ്യാംഉദയപാർശ്വ വീജ്യമാനവിമലചാമര....." 192_193 ഉപാദദേതസ്യ സഹസ്രരശ്മിഃ ആതപത്രം" (ക.) "സുത്രാമവിധൃതമുക്താതപത്രഃ" (പാ.) 194-195. മൂലം? 196_199 മൂലം? 321. "പരസ്പരതപഃസംപൽഫലായിതപരസ്പരൌ" 326. "രതാംസമാഗച്ഛതുകാഞ്ചനേന"350 മൂലം? 353. മൂലം?

“ജലതിഹ്ലതവഘേപുരസ്താദഗ്രേ . . . ആസ്ഥിതസ്യാബ്ജ
യോനേഃ” (പാ·) 364. “അന്തഃപുരജരതീകദംബകോപ
ദിഷ്ടവർത്മനാ (പാ ) 366_373. “വിധിവിദാഭിഹിതം
സ്വപുരോധസാ മഹിതധീരധമന്ത്രമുദീരയൻ; അദിത
സോദകമദ്രിപതിഃ സുതാമനുപമായവരായപിനാകിനേ”
(പാ.) 378_381. “സകാരയാമാസവധൂംപുരോധാസ്ത
സ്മിൻസമിദ്ധാർച്ചിഷിലാജമോക്ഷം” (കു.) “ശിവോയം,
ഗാത്രാദ്വാമാത്തദീയാൽസമജനിഗിരിജാ. . . . തസ്മാദേ
വാസ്യവിഷ്ണോരപിജനിരഭവസ്യാപിതദ്ഭ്രാതൃകൃത്യം കർത്ത
വ്യംചക്രിണേതിക്ഷണമവഹിതധീഃ പ്രാഹനാളീകജന്മാ”
(പാ.) “ലാജാവദാഹം മുരജിദ്വിതേനേ” (പ) 384.
“ചരണപംകജമായതാക്ഷ്യാഃ, ആരോപയന്മൃദുതരംദയി
തസ്തദേതദശ്മാനം” (പാ.) 309—409 മൂലം? 423.
ശതധൃതി=ബ്രഹ്മാവ് 434. സുരപതി=സുരേശൻ, ശിവൻ.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00012402*
T61 R15

# ശ്രീപാൎവ്വതീസ്വയംവരം

കാഞ്ഞിരംപാറെ രാമുണ്ണിനായർ.

T61
R15

Indic Digital Archive Foundation
gpura.org